09
2025
ഏപ്രിൽ
ബുധൻ
മീനം 26

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-6, Issue No.118 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-118 പേജ് 4. വില 2.00 രൂപ




02 സ്വർണം വാങ്ങാൻ പറ്റിയ സമയം! ഇന്നും വില താഴേക്ക്

03 വീട്ടിലെ പ്രസവം,സാമൂഹ മാധ്യമങ്ങളിലൂടെയുള്ള തെറ്റായ പ്രചരണം കുറ്റകരം : മന്ത്രി

04 രുചിവൈവിധ്യങ്ങളുടെ പെരുമയുമായി കുടുംബശ്രീ റെസ്റ്ററൻറുകൾക്ക് തുടക്കം

# ആധുനിക രീതിയിലുള്ള സമുദ്ര പഠന, ഗവേഷണം ഉറപ്പുവരുത്തും: കേന്ദ്രമന്ത്രി

കൊച്ചി: ആഗോളനിലവാരത്തിലുള്ള സമുദ്ര പഠന, ഗവേഷണ സൗകര്യങ്ങൾ ഉറപ്പാക്കുകയാണ് ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയുടെ സമഗ്ര വികസനത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് കേന്ദ്ര തുറമുഖ ഷിപ്പിങ് ജലപാത വകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ. രാജ്യത്തുടനീളമുള്ള ഐഎംയു ക്യാംപസുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



ഫോട്ടോ ക്യാപ്ഷൻ: രാജ്യത്തുടനീളമുള്ള ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി ക്യാംപസുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കൊച്ചിയിൽ കേന്ദ്ര തുറമുഖഷിപ്പിങ് ജലപാത വകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ നിർവഹിക്കുന്നു.

കൊച്ചിക്ക് പുറമെ വിശാഖപട്ടണം, കൊൽക്കത്ത, ചെന്നൈ, മുംബൈ ക്യാംപസുകളിലെ അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസ പരിഷ്കരണം എന്നീ മേഖലകളിലാണ് 17ഇന കർമപദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി ക്യാംപസുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് 67.77 കോടി രൂപയുടെ പദ്ധതിക്ക് തുടക്കം. ആധുനികരീതിയിലുള്ള മാരിടൈം കോഴ്സുകൾ ലഭ്യമാക്കുന്നതിനോടൊപ്പം പഠനത്തിനും ഗവേഷണത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയുമാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്.

ഇതിന്റെ ഭാഗമായി മാരിടൈം കോഴ്സുകളുടെ കാലാനുസൃതമായ പരിഷ്കരണവും വിദ്യാർത്ഥികൾക്ക് ലോകോത്തര പരിശീലനവും ഉറപ്പാക്കും.

കപ്പൽ പ്രവർത്തനങ്ങൾ, നാവിഗേഷൻ എന്നിവയുടെ പരിശീലനത്തിനായി അത്യാധുനിക സിമുലേറ്ററുകൾ, സോളാർ പവർ പ്ലാന്റുകൾ, വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം, മികച്ച കായിക സൗകര്യം എന്നിവയും ഉറപ്പുവരുത്തും. യൂണിവേഴ്സിറ്റി ക്യാംപസുകളുടെ നവീകരണത്തിനും വികസനത്തിനുമായി ആകെ 67.77 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

പദ്ധതിയുടെ ആദ്യഘട്ടമായി, കൊച്ചി ക്യാംപസിൽ പെൺകുട്ടികൾക്കുവേണ്ടി ആധുനിക സജീകരണങ്ങളോടെ ഹോസ്റ്റൽ കെട്ടിടം നിർമിക്കും. ഇതിനായി 13.11 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്രസർക്കാരിന്റെ മാരിടൈം അമൃത്കാൽ വിഷൻ 2047ൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുന്നത്. ചടങ്ങിൽ എംപിമാരായ ഹൈബി ഈഡൻ, ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. മാലിനി വി ശങ്കർ, സർവകലാശാല ഉദ്യോഗസ്ഥർ എന്നിവർ സംസാരിച്ചു.

## കിരൺ റിജിജു ഏപ്രിൽ 15ന് മുനമ്പത്ത് എത്തും

കൊച്ചി: കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കിരൺ റിജിജു ഏപ്രിൽ 15 ന് മുനമ്പത്ത് എത്തും. എൻഡിഎ സംഘടിപ്പിക്കുന്ന അഭിനന്ദൻ സഭയിൽ പങ്കെടുക്കും.

നേരത്തെ ബുധനാഴ്ച മന്ത്രി എത്തുമെന്നായിരുന്നു അറിയിച്ചിരുന്നത്. അതേസമയം മന്ത്രി എത്തുന്ന തീയതി മാറ്റിയതോടെ മുനമ്പത്ത് ബുധനാഴ്ച എൻഡിഎ സംഘടിപ്പിക്കാനിരുന്ന അഭിനന്ദൻ സഭ മാറ്റിവെച്ചതായി സംഘാടകർ അറിയിച്ചു.

വഖഫ് ഭേദഗതി നിയമം പാസാക്കിയ കേന്ദ്ര സർക്കാരിന് അഭിവാദ്യമർപ്പിച്ച് മുനമ്പം സമരക്കാർ ആഹ്ലാദ പ്രകടനം നടത്തിയിരുന്നു. പിന്നാലെ മുനന്പത്ത് നിരവധി പ്പേർ ബിജെപി അംഗത്വവും സ്വീകരിച്ചിരുന്നു.

## ഇന്ത്യക്ക് കൈമാറരുതെന്ന് ആവശ്യപ്പെട്ടുള്ള തഹാവൂർ റാണയുടെ ഹർജി യുഎസ് സുപ്രീം കോടതി തള്ളി

വാഷിംഗ്ടൺ: മുംബൈ ഭീകരാക്രമണക്കേസിൽ ഇന്ത്യ തേടുന്ന പാക്ക് വംശജനായ കനേഡിയൻ പൗരൻ തഹാവൂർ റാണയെ ഇന്ത്യക്ക് വിട്ടുകൊടുക്കുന്നത് തടയണമെന്നാവശ്യപ്പെട്ട് തഹാവൂർ റാണ നൽകിയ ഹർജി യുഎസ് സുപ്രീം കോടതി തള്ളി.

യുഎസ് സുപ്രീം കോടതി ചീഫ് ജസ്റ്റീസ് ജോൺ റോബർട്ട്സ് ആണ് ഹർജി തള്ളിയത്. ഫെബ്രുവരിയിലാണ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് റാണയെ ഇന്ത്യക്ക് കൈമാറാൻ അനുമതി നൽകിയത്.

ഭീകരാക്രമണം നടപ്പാക്കാൻ അമേരിക്കൻ പൗരൻ ഡേവിഡ് കോൾമാൻ ഹെഡ്ലിക്ക് എല്ലാ സഹായവും നൽകിയത് തഹാവൂർ റാണയാണെന്നാണ് എൻഐഎ കണ്ടെത്തൽ. 2008 നവംബർ 26 നുണ്ടായ മുംബൈ ഭീകരാക്രമണത്തിൽ 166 പേരാണ് കൊല്ലപ്പെട്ടത്.

## നിയമനിർമാണ സഭയുടെ അധികാരങ്ങൾ ഗവർണർമാർ കൈയടക്കുന്ന പ്രവണതയ്ക്കെതിരായ താക്കീത്

തിരുവനന്തപുരം: ഗവർണറുടെ അധികാരം സംബന്ധിച്ച സുപ്രീംകോടതി വിധി ഫെഡറൽ സംവിധാനത്തെയും നിയമസഭയുടെ ജനാധിപത്യ അവകാശങ്ങളെയും ഉയർത്തിപ്പിടിക്കുന്നതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഗവർണർമാർ മന്ത്രിസഭയുടെ ഉപദേശത്തിനനുസരിച്ചാണ് പ്രവർത്തിക്കേണ്ടതെന്ന് നേരത്തെ തന്നെ സുപ്രീംകോടതി പലവട്ടം വ്യക്തമാക്കിയതാണ്. നിയമനിർമാണ സഭയുടെ അധികാരങ്ങൾ ഗവർണർമാർ കൈയടക്കുന്ന പ്രവണതയ്ക്കെതിരായ താക്കീത് കൂടിയാണ് ഈ വിധി. അത് ജനാധിപത്യപത്യത്തിന്റെ വിജയമാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു. നിയമസഭ പാസാക്കിയ ബില്ലുകൾ 23 മാസം വരെ തടഞ്ഞുവെക്കുകയും അനിശ്ചിതത്വത്തിലാക്കുകയും ചെയ്ത അവസ്ഥ നമ്മുടെ മുന്നിലുണ്ട്. അതിനെതിരെ കേരളം നിയമ പോരാട്ടത്തിലാണ്. കേരളം ഉയർത്തിയ അത്തരം വിഷയങ്ങളുടെ പ്രസക്തിക്കും പ്രാധാന്യത്തിനുമാണ് ഈ വിധി അടിവരയിടുന്നതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

## തമിഴ്നാട് ഗവർണർക്ക് തിരിച്ചടി; തടഞ്ഞുവച്ച പത്ത് ബില്ലുകളും അംഗീകരിച്ച് സുപ്രീംകോടതി

ന്യൂഡൽഹി: ബില്ലുകൾ തടഞ്ഞുവച്ച സംഭവത്തിൽ തമിഴ്നാട് ഗവർണർ ആർ. എൻ. രവിക്കെതിരേ രൂക്ഷ വിമർശനവുമായി സുപ്രീം കോടതി. നിയമസഭ പാസാക്കിയ ബില്ലുകൾ അനിശ്ചിതമായി തടഞ്ഞുവച്ച നടപടി നിയമവിരുദ്ധമെന്ന് കോടതി പറഞ്ഞു.



ബില്ലുകൾക്ക് അംഗീകാരം നൽകുന്നത് വൈകിച്ച സംഭവത്തിൽ സംസ്ഥാന സർക്കാർ നൽകിയ ഹർജികളിലാണ് സുപ്രീംകോടതിയുടെ വിമർശനം. ഗവർണർ തടഞ്ഞുവച്ച പത്ത് ബില്ലുകളും നിയമമായതായി കോടതി ഉത്തരവിട്ടു.

ഗവർണർ പ്രവർത്തിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ഉപദേശത്തിന് അനുസരിച്ചാകണമെന്ന് സുപ്രീംകോടതി നിർദേശിച്ചു. സഭ പാസാക്കിയ ബില്ലുകളിൽ ഗവർണർക്ക് വീറ്റോ അധികാരമില്ല. നിയമങ്ങൾ ജനങ്ങളുടെ ആവശ്യത്തിന് കൊണ്ടുവരുന്നതാണെന്നും കോടതി നിരീക്ഷിച്ചു.ബില്ലിൽ തീരുമാനമെടുക്കാൻ ഗവർണർക്ക് മുന്നിൽ മൂന്ന് സാധ്യതകൾ ഉണ്ട്. ഒന്ന് അനുമതി നൽകുക, രണ്ട് അനുമതി നിഷേധിക്കുക, മൂന്ന് ബില്ല് രാഷ്ട്രപതിക്ക് അയയ്ക്കുക. ബില്ല് ഗവർണർക്ക് നൽകിയാൽ ആർട്ടിക്കിൾ 200ലെ ഏതെങ്കിലും ഒരു നടപടി സ്വീകരിക്കാൻ അദ്ദേഹം ബാധ്യസ്ഥനാണെന്ന് കോടതി പറഞ്ഞു. ഒരു ബില്ല് വീണ്ടും നിയമസഭ പാസാക്കി ഗവർണർക്ക് നൽകിയാൽ അത് രാഷ്ട്രപതിക്ക് അയക്കാൻ കഴിയില്ലെന്നും കോടതി നിരീക്ഷിച്ചു.

ഗവർണർക്ക് ബില്ലുകളിൽ തീരുമാനമെടുക്കാൻ കോടതി സമയപരിധി നിശ്ചയിച്ചു. ബില്ലുകളിൽ പരമാവധി മൂന്ന് മാസത്തിനുള്ളിൽ ഇനി തീരുമാനം എടുക്കണം. ബില്ലുകൾ വീണ്ടും പാസാക്കി നിയമസഭ തിരിച്ച് അയച്ചാൽ പരമാവധി ഒരു മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്നും കോടതി വ്യക്തമാക്കി.

## കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് പരിശോധന; 22,40,000 രൂപയുടെ ക്രമക്കേട് കണ്ടെത്തി

തിരുവനന്തപുരം: കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ 22,40, 000 രൂപയുടെ ക്രമക്കേട് കണ്ടെത്തി. ഫ്ലാറ്റ്, ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു പരിശോധന.

സബ് രജിസ്ട്രാർ അവധിയായിരുന്ന സമയത്ത് ചുമതല ജൂണിയർ സൂപ്രണ്ടിനായിരുന്നു. ഈ സമയത്ത് ഇയാൾ സ്വകാര്യ ഫ്ലാറ്റ് കമ്പനിയിൽ നിന്ന് അഞ്ച് അപ്പാർട്ട്മെൻറുകൾ വാങ്ങിയതിന് ഒരു ശതമാനം മാത്രം നികുതി ചുമത്തിക്കൊണ്ട് പതിപ്പിച്ചു നൽകിയെന്നാണ് പരാതി.

സബ് രജിസ്ട്രാർ അവധിയിലായിരിക്കുമ്പോൾ ജൂണിയർ സൂപ്രണ്ടിന് ഇത്തരത്തിൽ പതിച്ചുനൽകുന്നതിന് അനുമതിയില്ല. ഇതെല്ലാം മറികടന്നായിരുന്നു ജൂണിയർ സൂപ്രണ്ടിന്റെ നടപടി.

## വ്യാപാരയുദ്ധം മുറുകുന്നു; ചൈനീസ് ഉത്പന്നങ്ങൾക്ക് അധിക നികുതി പ്രഖ്യാപിച്ച് ട്രംപ്

വാഷിംഗ്ടൺ: വ്യാപാര യുദ്ധം മുറുകുന്നതിനിടെ ചൈനീസ് ഉത്പന്നങ്ങൾക്ക് അധിക നികുതി പ്രഖ്യാപിച്ച് ട്രംപ്. ചൈനയ്ക്കെതിരെ 50 ശതമാനം അധിക നികുതികൂടിയാണ് ട്രംപ് പ്രഖ്യാപിച്ചത്.

രണ്ട് ദിവസം മുമ്പാണ് യുഎസ് ഉത്പന്നങ്ങൾക്ക് 34 ശതമാനം നികുതി ചൈന പ്രഖ്യാപിച്ചത്. ചൈനീസ് ഉത്പന്നങ്ങൾക്ക് 34 ശതമാനം നികുതി യുഎസ് പ്രഖ്യാപിച്ചതിന് പകരമായാണ് ചൈന യുഎസിനെതിരെ പകരച്ചുങ്കം പ്രഖ്യാപിച്ചത്.

ഇത് പ്രഖ്യാപിച്ച് മണിക്കൂറുകൾ പിന്നിട്ടപ്പോഴാണ് ട്രംപിന്റെ തിരിച്ചടി. ഇത്തവണ ചൈനയ്ക്ക് 50 ശതമാനം അധിക നികുതിയാണ് ട്രംപ് പ്രഖ്യാപിച്ചത്. എല്ലാ രാജ്യങ്ങൾക്കും 10 ശതമാനം അടിസ്ഥാന നികുതി ട്രംപ് പ്രഖ്യാപിച്ചിരുന്നു. ഇതോടെ ചൈനയ്ക്ക് ആകെ ചുമത്തുന്ന നികുതി 94 ശതമാനമായി ഉയരും. തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് വഴിയാണ് ട്രംപ് ചൈനയ്ക്കെതിരായ നികുതി പ്രഖ്യാപിച്ചത്.

## വീട്ടിലെ പ്രസവത്തിനിടെ യുവതി മരിച്ച സംഭവം: ഭർത്താവ് കസ്റ്റഡിയിൽ

മലപ്പുറം: വീട്ടിലെ പ്രസവത്തിനിടെ യുവതി മരിച്ച സംഭവത്തിൽ ഭർത്താവ് സിറാജുദ്ദീനെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇയാളുടെ ഭാര്യയും പെരുമ്പാവൂർ സ്വദേശിനിയുമായ അസ്മയാണ് കഴിഞ്ഞദിവസം മലപ്പുറം ഈസ്റ്റ് കോഡൂരിലെ വാടകവീട്ടിൽ മരിച്ചത്. പെരുമ്പാവൂരിലെ സ്വകാര്യ ആശുപത്രിയിൽ നിന്നാണ് സിറാജുദ്ദീനെ പോലീസ് കസ്റ്റഡിയിലെടുത്തത്. പ്രസവശേഷം വൈദ്യസഹായം ലഭിക്കാതെ രക്തം വാർന്നാണ് യുവതി മരിച്ചതെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ കണ്ടെത്തൽ. നിലവിൽ അസ്വാഭാവിക മരണത്തിനാണ് പോലീസ് കേസെടുത്തിരിക്കുന്നത്. ചികിത്സ വൈകിപ്പിച്ചതടക്കമുള്ള കൂടുതൽ വകുപ്പുകൾ പ്രതിക്കെതിരെ ചുമത്തും.

## സ്വർണമോതിരം സമ്മാനം നൽകി കൗമാരക്കാരിയെ പീഡിപ്പിച്ചു; മദ്രസ അധ്യാപകന് 187 വർഷം തടവ്

കണ്ണൂർ: തളിപ്പറമ്പിൽ സ്വർണമോതിരം സമ്മാനം നൽകി പ്രലോഭിപ്പിച്ച് 16കാരിയെ ലൈംഗീകമായി പീഡിപ്പിച്ച മദ്രസ അധ്യാപകന് 187 വർഷം തടവ്.

ആലക്കോട് സ്വദേശി മുഹമ്മദ് റാഫിയെയാണ് (41) കോടതി ശിക്ഷിച്ചത്. തളിപ്പറമ്പ് അതിവേഗ പോക്സോ കോടതിയുടെതാണ് ശിക്ഷാവിധി. 2021 ലോക്ഡൗൺ സമയം മുതൽ 2021 ഡിസംബർ വരെയുള്ള കാലയളവിലാണ് പ്രതി പെൺകുട്ടിയെ പീഡിപ്പിച്ചത്. മോതിരം നൽകി വശീകരിച്ച് പെൺകുട്ടിയെ പീഡിപ്പിച്ചുവെന്ന് പോലീസ് വ്യക്തമാക്കുന്നത്. വിവരം പുറത്തുപറഞ്ഞാൽ ശപിക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. പഴയങ്ങാടി പോലീസ് സ്റ്റേഷൻ പരിധിയിലായിരുന്നു സംഭവം. അന്നത്തെ പഴയങ്ങാടി എസ്ഐ രൂപ മധുസൂദനനാണ് സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തത്. സിഐടി. എൻ. സന്തോഷ് കുമാറാണ് അന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്ത് കുറ്റപത്രം സമർപ്പിച്ചത്.



# മാവേലിക്കരയിൽ 77 പേരെ കടിച്ച നായയ്ക്ക് പേവിഷബാധ

ആലപ്പുഴ: മാവേലിക്കരയിലും പരിസര പ്രദേശങ്ങളിലുമായി 77 പേരെ കടിച്ച നായയ്ക്ക് പേവിഷബാധ സ്ഥിരീകരിച്ചു. തിരുവല്ലയിലെ മഞ്ഞാടിയിലെ എഡിഡിഎൽ ലാബിലെ പരിശോധനയിലാണ് വിഷബാധ സ്ഥിരീകരിച്ചത്.

ആളുകൾക്ക് പുറമെ തെരുവ് നായകൾക്കും വളർത്തു മൃഗങ്ങൾക്കും നായയുടെ കടിയേറ്റിട്ടുണ്ടെന്നാണ് പ്രദേശവാസികൾ പറയുന്നത്. കണ്ണമംഗലത്തെ പറമ്പിൽ ചത്തുകിടന്ന നിലയിൽ കണ്ടെത്തിയ നായയെ നാട്ടുകാർ ചിലർ ചേർന്ന് കുഴിച്ചിട്ടിരുന്നു.

കഴിഞ്ഞ ദിവസം നായയെ നഗരസഭ, മൃഗസംരക്ഷണ വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ പുറത്തെടുത്ത് പരിശോധനയ്ക്കായി കൊണ്ടുപോകുകയായിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച രാവിലെ മുതലാണു നഗരത്തിലും പരിസര പ്രദേശങ്ങളിലുമായി മൂന്ന് വയസുകാരി ഉൾപ്പെടെ 77 പേർക്ക് തെരുവുനായയുടെ കടിയേറ്റത്.

പുതിയകാവ്, കല്ലുമല, തഴക്കര, കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, നഗരസഭ സ്വകാര്യ ബസ് സ്റ്റാൻഡ്, എ. ആർ. ജംഗ്ഷൻ, നടയ്ക്കാവ്, പ്രായിക്കര, കണ്ടിയൂർ, പറക്കടവ്, പനച്ചമൂട് ഭാഗങ്ങളിലായാണ് തെരുവുനായ ഒട്ടേറെപ്പേരെ കടിച്ചത്. കടിച്ച നായയെ കണ്ടെത്താൻ ശ്രമം നടത്തിയെങ്കിലും സാധിച്ചിരുന്നില്ല. ഞായറാഴ്ച ചെട്ടികുളങ്ങര കണ്ണമംഗലത്തെ ഒരു വസ്തുവിൽ ചത്തനിലയിൽ കാണപ്പെട്ട നായയെ ചിലർ കുഴിച്ചുമൂടുകയായിരുന്നു.

നായയുടെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തി ജനങ്ങളുടെ ഭീതി അകറ്റുവാൻ അധികൃതർ തയാറാകാതെ കുഴിച്ചു മൂടിയതിൽ പ്രതിഷേധം ഉയർന്നിരുന്നു. ഇതേ തുടർന്നാണ് കഴിഞ്ഞദിവസം നായയെ പുറത്തെടുത്ത് പരിശോധനക്ക് അയച്ചത്.

# സ്വർണം വാങ്ങാൻ പറ്റിയ സമയം! ഇന്നും വില താഴേക്ക്; പവൻ വില 66,000ൽ താഴെ

കൊച്ചി: ചരിത്രത്തിലെ ഏറ്റവും ഉയർന്ന വിലയിൽ നിന്നു താഴെവീണ സ്വർണ വില വീണ്ടും തകർച്ചയിൽ. പവന് 480 രൂപയും ഗ്രാമിന് 60 രൂപയുമാണ് കുറഞ്ഞത്. ഇതോടെ ഒരു പവൻ സ്വർണത്തിന് 65,800 രൂപയിലും ഗ്രാമിന് 8,225 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 50 രൂപ ഇടിഞ്ഞ് 6,745 രൂപയിലെത്തി.

ഈ മാസം മൂന്നിന് രേഖപ്പെടുത്തിയ ഗ്രാമിന് 8,560 രൂപയും പവന് 68,480 രൂപയുമാണ് കേരളത്തിലെ എക്കാലത്തെയും റിക്കാർഡ്. അതിനുശേഷം ഇതിനകം പവന് 2,680 രൂപയും ഗ്രാമിന് 335 രൂപയും ഇടിഞ്ഞു.

കഴിഞ്ഞ മാസത്തിന്റെ തുടക്കത്തിൽ 63,520 രൂപയായിരുന്നു സ്വർണവില. ഒരു മാസത്തിനിടെ 4,960 രൂപയാണ് വർധിച്ചത്. ഒരാഴ്ചയ്ക്കിടെ 3,000 രൂപ ഉയർന്ന ശേഷം വെള്ളിയാഴ്ച ഒറ്റയടിക്ക് 1,280 രൂപ കുറയുകയായിരുന്നു. പിന്നാലെ ശനിയാഴ്ച 720 രൂപയും തിങ്കളാഴ്ച 200 രൂപയും കുറഞ്ഞു.

ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി. ഫെബ്രുവരി ഒന്നിന് ഒരു പവൻ സ്വർണത്തിന് 61,960 രൂപയായിരുന്നു വില. നാലിന് ഒറ്റയടിക്ക് 840 രൂപ ഉയർന്ന് 62,000 രൂപ പിന്നിട്ടു. തൊട്ടുപിന്നാലെ അഞ്ചിന് 760 രൂപ ഉയർന്ന് 63,000 രൂപയും കടന്നു. പിന്നീട് 11ന് 640 രൂപ ഉയർന്ന് 64,000 രൂപയെന്ന പുതിയ നാഴികക്കല്ലും പിന്നിട്ടു.

മാർച്ച് ഒന്നിന് പവന് 63,440 രൂപയിലാണ് വ്യാപാരം ആരംഭിച്ചത്. പിന്നീട് കയറ്റിറക്കങ്ങൾക്കൊടുവിൽ 14ന് 65,000 രൂപയും 18ന് 66,000 രൂപയും 31ന് 67,000 രൂപയും ഏപ്രിൽ ഒന്നിന് 68,000 പിന്നിടുകയായിരുന്നു.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. കഴിഞ്ഞ ആഴ്ച ഔൺസിന് 3,169.99 ഡോളർ എന്ന എക്കാലത്തെയും ഉയരത്തിലായിരുന്ന രാജ്യാന്തര സ്വർണവില 2,960 ഡോളറിലേക്ക് വീണതാണ് ആഭ്യന്തര വിപണിയിലും വില കുറയാൻ കാരണമായത്.

അതേസമയം, വെള്ളി വിലയിൽ മാറ്റമില്ല. ഗ്രാമിന് 102 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

## പഞ്ചാബിൽ ബിജെപി നേതാവിന്റെ വീടിന് സമീപം സ്ഫോടനം

അമൃത്സർ: പഞ്ചാബിൽ ബിജെപി നേതാവ് മനോരഞ്ജൻ കാലിയയുടെ വീടിന് സമീപം സ്ഫോടനം. ജലന്തറിലാണ് സംഭവം.

'പുലർച്ചെ ഒന്നോടെ ഞങ്ങൾക്ക് ഇവിടെ സ്ഫോടനം നടന്നതായി വിവരം ലഭിച്ചു. ഞങ്ങൾ സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. ഫോറൻസിക് സംഘം ഇക്കാര്യം അന്വേഷിക്കുന്നുണ്ട്. ഞങ്ങൾ സിസിടിവിയും നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഗ്രനേഡ് ആക്രമണമാണോ അതോ മറ്റെന്തെങ്കിലും ആക്രമണമാണോ എന്ന് ഫോറൻസിക് സംഘം അന്വേഷിക്കുന്നുണ്ടെന്ന്' ജലന്ധർ പോലീസ് കമ്മീഷണർ ധൻപ്രീത് കൗർ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

'പുലർച്ചെ ഒന്നോടെ സ്ഫോടനം ഉണ്ടായി. ഞാൻ ഉറങ്ങുകയായിരുന്നു, ഇടിമിന്നലിന്റെ ശബ്ദമാണെന്ന് ഞാൻ കരുതി. പിന്നീട്, ഒരു സ്ഫോടനം നടന്നതായി എനിക്ക് വിവരം ലഭിച്ചു. ഇതിനുശേഷം, ഞാൻ ഗൺമാനെ പോലീസ് സ്റ്റേഷനിലേക്ക് അയച്ചു. സിസിടിവി പരിശോധിക്കുന്നുണ്ട്. ഫോറൻസിക് വിദഗ്ധരും ഇവിടെയുണ്ട്'. –മനോരഞ്ജൻ കാലിയ പ്രതികരിച്ചു.

സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണ്.

## വീട്ടമ്മയെ വെട്ടിപ്പരിക്കേൽപ്പിച്ച കേസ്; ഗുണ്ട കായ്ക്കുരു രാഗേഷ് പിടിയിൽ

തൃശൂർ: താന്ന്യത്ത് വീട്ടമ്മയെ വെട്ടിപ്പരിക്കേൽപ്പിച്ച കേസിൽ ഗുണ്ട കായ്ക്കുരു രാഗേഷ് (37) പോലീസ് പിടിയിലായി. മാർച്ച് 17–നാണ് കേസിനാസ്പദമായ സംഭവമുണ്ടായത്.

താന്ന്യം കുളപ്പാടത്തിന് സമീപം പറമ്പിൽ ആദിത്യ കൃഷ്ണനോടുള്ള വൈരാഗ്യത്തിൽ കായ്ക്കുരു രാഗേഷിന്റെ സംഘാഗങ്ങളായ ഷാജഹാൻ (30), ശ്രീബിൻ (23) എന്നിവർ ഇയാളുടെ വീട്ടുമുറ്റത്തേക്ക് വടിവാളുമായി എത്തുകയായിരുന്നു. ഇയാളെ കണ്ടെത്താത്തതിനാൽ വീട്ടുകാരെ ഭീഷണിപ്പെടുത്തി. ബഹളം കേട്ട് തൊട്ടടുത്ത വീട്ടിലെ കാതിക്കൂടത്ത് ലീല അവിടേക്കെത്തി കാര്യം തിരക്കി. ഇതിൽ പ്രകോപിതനായ ഷാജഹാൻ വടിവാൾ കൊണ്ട് ലീലയുടെ ഇടതുകൈപ്പത്തിയുടെ മുകളിൽ വെട്ടുകയായിരുന്നു. പ്രതികളെ രക്ഷപ്പെടാൻ സഹായിച്ച ചാഴൂർ വാഴപ്പുരയ്ക്കൽ അഖിൽ (24), മഠത്തിൽവീട്ടിൽ ഹരികൃഷ്ണൻ (24) എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു.

ഷാജഹാനേയും ശ്രീബിനേയും കൃത്യത്തിന് പ്രേരിപ്പിച്ചത് കായ്ക്കുരു രാഗേഷാണെന്ന് പോലീസ് കണ്ടെത്തിയിരുന്നു. ഇയാൾ ഈയടുത്താണ് കാപ്പ കേസ് കഴിഞ്ഞ് പുറത്തിറങ്ങിയത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ ഇയാളെ തൃക്കാക്കരയിൽ നിന്ന് തിങ്കളാഴ്ച പുലർച്ചെയാണ് പോലീസ് പിടികൂടിയത്.

കളമശേരി പോലീസ് ഇൻസ്പെക്ടർ ലത്തീഫ്, ക്രൈം സ്ക്വാഡ് അംഗം മാഹിൻ അബൂബക്കർ, സിപിഒ ആദർശ്, എളമക്കര സിപിഒ ഐ. എസ്. അനീഷ് എന്നിവരുടെ സഹായത്തോടെയാണ് കായ്ക്കുരു രാഗേഷിനെ പിടികൂടിയത്.

## വെള്ളാപ്പള്ളി നടേശനെതിരെ കേസെടുക്കാനാകില്ലെന്ന് നിയമോപദേശം

കോഴിക്കോട്: വിവാദ പ്രസംഗത്തിൽ എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെതിരെ കേസെടുക്കാനാകില്ലെന്ന് നിയമോപദേശം.മലപ്പുറം ചുങ്കത്തറയിൽ വെള്ളാപ്പള്ളി നടത്തിയ പ്രസംഗത്തിലാണ് പോലീസ് നിയമോപദേശം തേടിയത്. വെള്ളാപ്പള്ളി നടേശൻ ഏത് വിഭാഗത്തെയാണ് ആക്ഷേപിച്ചതെന്നതിൽ പ്രസംഗത്തിൽ വ്യക്തതയില്ലെന്നാണ് നിയമോപദേശം.

എട്ട് പരാതികൾ ലഭിച്ച എടക്കര പോലീസിനാണ് നിയമോപദേശം ലഭിച്ചത്. വെള്ളാപ്പള്ളിക്കെതിരെ കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് മലപ്പുറം ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പരാതികൾ ലഭിച്ചിരുന്നു. മലപ്പുറം ജില്ലയ്ക്കെതിരെ വെള്ളാപ്പള്ളി നടേശൻ നടത്തിയ പ്രസ്താവന വലിയ വിവാദങ്ങൾക്ക് വഴിവെച്ചിരുന്നു. മലപ്പുറം പ്രത്യേക രാജ്യമാണെന്നും ചില പ്രത്യേക ആളുകളുടെ സംസ്ഥാനമാണെന്നുമായിരുന്നു വെള്ളാപ്പള്ളി നടേശൻ പറഞ്ഞത്.

എന്നാൽ താൻ പറഞ്ഞത് സമുദായത്തിന്റെ പിന്നാക്കാവസ്ഥയെപ്പറ്റിയാണെന്നും തന്റെ സമുദായത്തിന്റെ വികാരവും വിചാരവും ദുഃഖവും മനസിലാക്കണമെന്നുമായിരുന്നു വിവാദങ്ങൾക്ക് പിന്നാലെയുള്ള വെള്ളാപ്പള്ളിയുടെ പ്രതികരണം. ഈഴവ സമുദായത്തിന് കീഴിൽ ഒരു വിദ്യാഭ്യാസ സ്ഥാപനവും മലപ്പുറത്ത് ഇല്ലെന്നും വെള്ളാപ്പള്ളി നടേശൻ ചൂണ്ടിക്കാട്ടി. മലപ്പുറത്ത് ഒരു അൺ എയ്ഡഡ് കോളജ് പോലും തങ്ങൾക്ക് കിട്ടിയിട്ടില്ല. ലീഗ് ഈഴവ സമുദായത്തെയും തന്നെയും ചതിച്ചു.

മലപ്പുറം മുസ്‌ലിങ്ങളുടെ ഒരു രാജ്യമല്ല, പരാമർശങ്ങൾ തെറ്റായ രീതിയിൽ വളച്ചൊടിക്കുകയായിരുന്നു. താൻ മുസ്‌ലിം വിരോധിയല്ലെന്നും ബാബരി മസ്ജിദ് തകർത്തപ്പോൾ എസ്എൻഡിപിയല്ലേ എതിർത്തത് എന്നും വെള്ളാപ്പള്ളി ചോദിച്ചു.

## ഭാസ്കര കാരണവർ വധക്കേസ്; പ്രതി ഷെറിൻ പരോളിൽ ഇറങ്ങി

തിരുവനന്തപുരം: ഭാസ്കര കാരണവർ വധക്കേസ് പ്രതി ഷെറിൻ പരോളിൽ ഇറങ്ങി. ഏപ്രിൽ അഞ്ചുമുതൽ 15 ദിവസത്തേക്കാണ് പരോൾ. മൂന്നുദിവസത്തെ യാത്രയ്ക്കും അനുമതിയുണ്ട്. ഷെറിന് ശിക്ഷായിളവ് നൽകി വിട്ടയക്കാൻ നേരത്തേ മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നു. ജയിലിലെ നല്ലനടപ്പ് പരിഗണിച്ചായിരുന്നു ഷെറിന് ശിക്ഷായിളവ് നൽകാൻ ജയിൽ ഉപദേശകസമിതി ശിപാർശ ചെയ്തത്.

എന്നാൽ, മന്ത്രിസഭാതീരുമാനം വന്നതിനു പിന്നാലെ കണ്ണൂർ ജയിലിലെ സഹതടവുകാരിയെ കൈയേറ്റം ചെയ്തതിന് ഷെറിനെതിരെ പോലീസ് കേസെടുത്തത് തിരിച്ചടിയായിരുന്നു. 14 വർഷത്തെ ശിക്ഷാകാലയളവിനുള്ളിൽ ഇതുവരെ 500 ദിവസം ഷെറിന് പരോൾ ലഭിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നകാലത്തും ഷെറിന് ആദ്യം മുപ്പതുദിവസവും പിന്നീട് ഇത് ദീർഘിപ്പിച്ച് 30 ദിവസവും കൂടി പരോൾ ലഭിച്ചിരുന്നു.

## പരീക്ഷാ രജിസ്ട്രേഷൻ

ഐ.എച്ച്.ആർ.ഡി. നടത്തുന്ന പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ഒന്നും രണ്ടും സെമസ്റ്റർ), പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ സൈബർ ഫോറൻസിക്സ് & സെക്യൂരിറ്റി (ഒന്നും രണ്ടും സെമസ്റ്റർ), ഡിപ്ലോമ ഇൻ ഡാറ്റാ എൻട്രി ടെക്നിക്സ് ആൻഡ് ഓഫീസ് ഓട്ടോമേഷൻ (ഒന്നും രണ്ടും സെമസ്റ്റർ), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് എന്നീ കോഴ്സുകളുടെ റഗുലർ/ സപ്ലിമെന്ററി പരീക്ഷകൾ (2018 (ലൈബ്രറി സയൻസ് സപ്ലിമെന്ററി), 2020, 2024 സ്കീം) ജൂൺ മാസത്തിൽ നടത്തും.

വിദ്യാർഥികൾക്ക്, പഠിക്കുന്ന/ പഠിച്ചിരുന്ന സെന്ററുകളിൽ ഏപ്രിൽ 21 വരെ ഫൈൻ കൂടാതെയും 28 വരെ 100 രൂപ ഫൈനോടുകൂടിയും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാം. പരീക്ഷാ ടൈം ടേബിൾ മെയ് മൂന്നാം വാരം പ്രസിദ്ധീകരിക്കും. രജിസ്ട്രേഷനുള്ള അപേക്ഷാഫാറം സെന്ററിൽ നിന്നും ലഭ്യമാണ്. വിശദവിവരങ്ങൾക്ക്: www.ihrd.ac.in .

## വിഷു–ഈസ്റ്റർ സഹകരണ വിപണി ഉദ്ഘാടനം11ന്

സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിലും, 156 ത്രിവേണി സൂപ്പർ മാർക്കറ്റുകളിലുമായി നടത്തുന്ന 170 വിഷു - ഈസ്റ്റർ സഹകരണ വിപണികളുടെ സംസ്ഥാനതല ഉദ്ഘാടനം ഏപ്രിൽ 11 ന് രാവിലെ 9 ന് തിരുവനന്തപുരം സ്റ്റാച്യുവിൽ പ്രത്യേകം തയ്യാറാക്കിയ വേദിയിൽ സഹകരണ തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ നിർവഹിക്കും. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി ആദ്യവിൽപ്പന നടത്തും. ആന്റണി രാജു എം എൽ എ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ കൗൺസിലർ ഗായത്രി ബാബു, സഹകരണ സെക്രട്ടറി വീണ മാധവൻ, സഹകരണ ഓഡിറ്റ് ഡയറക്ടർ ഷെറിൻ എം എസ്, കൺസ്യൂമർഫെഡ് ചെയർമാൻ പി എം ഇസ്മായിൽ, മാനേജിങ് ഡയറക്ടർ എം സലീം തുടങ്ങിയവർ പങ്കെടുക്കും.ഏപ്രിൽ 21 വരെ നടത്തുന്ന വിഷു - ഈസ്റ്റർ സഹകരണ വിപണികളിൽ നിത്യോപയോഗ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കും.

## വീട്ടിലെ പ്രസവത്തിനിടെ യുവതി മരിച്ച സംഭവം; ഭർത്താവിന്റെ അറസ്റ്റ് രേഖപ്പെടുത്തി

മലപ്പുറം: വീട്ടിലെ പ്രസവത്തിനിടെ യുവതി മരിച്ച സംഭവത്തിൽ ഭർത്താവ് സിറാജുദ്ദീന്റെ അറസ്റ്റ് രേഖപ്പെടുത്തി. ഇയാൾക്കെതിരേ മനഃപൂർവമല്ലാത്ത നരഹത്യ, തെളിവ് നശിപ്പിക്കൽ എന്നീ വകുപ്പുകൾ ചുമത്തി.

സംഭവത്തിൽ കുടുംബത്തിന്റെ വിശദമായ മൊഴിയെടുക്കുമെന്ന് മലപ്പുറം എസ്പി അറിയിച്ചു. സിറാജുദ്ദീന്റെ ഭാര്യയും പെരുമ്പാവൂർ സ്വദേശിനിയുമായ അസ്മയാണ് കഴിഞ്ഞദിവസം മലപ്പുറം ഈസ്റ്റ് കോഡൂരിലെ വാടകവീട്ടിൽ മരിച്ചത്. പെരുമ്പാവൂരിലെ സ്വകാര്യ ആശുപത്രിയിൽ നിന്നാണ് സിറാജുദ്ദീനെ പോലീസ് കസ്റ്റഡിയിലെടുത്തത്. പ്രസവശേഷം വൈദ്യസഹായം ലഭിക്കാതെ രക്തം വാർന്നാണ് യുവതി മരിച്ചതെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടിലെ കണ്ടെത്തൽ. കൃത്യമായ പരിചരണം ലഭിച്ചിരുന്നുവെങ്കിൽ മരണം സംഭവിക്കില്ലായിരുന്നുവെന്നും റിപ്പോർട്ടിലുണ്ട്.

പ്രസവത്തെ തുടർന്ന് രക്തസ്രാവമുണ്ടായി ഗുരുതരാവസ്ഥയിലായ യുവതി മൂന്ന് മണിക്കൂറോളം വീട്ടിൽ കിടന്നിട്ടും ആശുപത്രിയിൽ കൊണ്ടുപോവാൻ സിറാജുദ്ദീൻ തയാറായിരുന്നില്ലെന്നും ഇതാണ് മരണത്തിലേക്ക് നയിച്ചതെന്നും പോലീസ് പറഞ്ഞു.

## പെട്രോൾ പമ്പിലെ ശുചിമുറി തുറന്നു കൊടുക്കാൻ വൈകി; ഉടമയ്ക്ക് 1,65000 രൂപ പിഴ

കോഴിക്കോട്: പെട്രോൾ പമ്പിലെ ശുചിമുറി തുറന്നു നൽകാൻ വൈകിയതിന് പമ്പുടമ 1,65,000 രൂപ നഷ്ടപരിഹാരം നൽകാൻ വിധി. അധ്യാപികയായ ഏഴംകുളം ഊരകത്ത് ഇല്ലം വീട്ടിൽ സി. എൽ. ജയകുമാരിയുടെ ഹർജിയിൽ പത്തനംതിട്ട ഉപഭോക്തൃ തർക്കപരിഹാര കമ്മിഷനാണ് വിധി പറഞ്ഞത്.

കോഴിക്കോട് പയ്യോളിയിലുള്ള തെനംകാലിൽ പെട്രോൾ പമ്പ് ഉടമ ഫാത്തിമ ഹന്നയാണ് നഷ്ടപരിഹാരം നൽകേണ്ടത്. 1,50, 000 രൂപ നഷ്ടപരിഹാരവും 15,000 രൂപ കോടതിച്ചെലവും ചേർത്താണ് 1,65,000 രൂപ.

2024 മേയ് ഏട്ടിന് രാത്രി 11ന് കാർ യാത്രക്കിടയിൽ പയ്യോളിയിലെ പമ്പിൽ പെട്രോൾ അടിക്കാൻ കയറി. ശുചിമുറി പൂട്ടിക്കിടക്കുകയായിരുന്നു. താക്കോൽ ആവശ്യപ്പെട്ടപ്പോൾ സ്റ്റാഫ് പരുഷമായി സംസാരിച്ചതായാണ് പരാതി.

താൻ പയ്യോളി സ്റ്റേഷനിൽ വിളിച്ചതിനെത്തുടർന്ന് പോലീസെത്തി ശുചിമുറി ബലമായി തുറന്നുനൽകുകയായിരുന്നെന്ന് ജയകുമാരിയുടെ ഹർജിയിലുണ്ടായിരുന്നു. പോലീസിൽ പരാതി നൽകുകയും ചെയ്തു.

# അംഗീകാരത്തിൻറെ നിറവിൽ ആറൻമുളയിലെ ഹരിതകർമ സേന

തിരുവനന്തപുരം: ആറൻമുള ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കി സൂക്ഷിക്കുന്ന 'ഹരിതം' ഹരിതകർമ സേന അംഗങ്ങൾക്കിത് അഭിമാന നിമിഷം. അടൂർ കണ്ണംകോട് സെൻറ് തോമസ് പാരിഷ് ഹാളിൽ നടന്ന ജില്ലാതല മാലിന്യമുക്ത പ്രഖ്യാപന ചടങ്ങിൽ മികച്ച എം.സി.എഫ്, ആർ.ആർ.എഫ് എന്നിവയ്ക്കുള്ള ജില്ലാതല അവാർഡുകളാണ് ആറൻമുള ഗ്രാമപഞ്ചായത്ത് ഹരിത കർമ സേന കരസ്ഥമാക്കിയത്. കൂടാതെ ജില്ലയിലെ മികച്ച പൊതു ഹരിതഇടത്തിനുള്ള അവാർഡ് പഞ്ചായത്തിലെ പതിനെട്ടാം വാർഡിലുള്ള ബാംഗ്ളൂർ റോഡിനാണ്.2017–ലാണ് ആറൻമുള പഞ്ചായത്തിലെ പതിനെട്ടാം വാർഡിലെ കോട്ടയിൽ എം.സി.എഫ് പ്രവർത്തനം ആരംഭിച്ചത്. പതിനെട്ട് വാർഡുകളുള്ള പഞ്ചായത്തിൽ ഒരു വാർഡിൽ രണ്ടു പേർ എന്ന കണക്കിൽ 36 ഹരിതകർമ സേനാംഗങ്ങളാണ് ശുചിത്വ പ്രവർത്തനങ്ങളുമായി മുന്നേറുന്നത്. ഇവർ മുഖേന മാസത്തിലൊരിക്കൽ ഓരോ വീട്ടിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നു. ഇങ്ങനെ ശേഖരിച്ച പ്ളാസ്റ്റിക് പിന്നീട് എം.സി.എഫിൽ എത്തിച്ച് തരംതിരിക്കുന്നു. തരംതിരിച്ച അജൈവ മാലിന്യങ്ങൾ രണ്ടാംഘട്ട തരംതിരിവും ഷ്രെഡ്ഡിങ്ങും നടത്തുന്നതിനായി എം.സി.എഫിനോട് ചേർന്ന് പ്രവർത്തിക്കുന്ന പന്തളം ബ്ളോക്ക് പഞ്ചായത്തിൻറെ ആർ.ആർ.എഫ് കേന്ദ്രത്തിലേക്ക് മാറ്റുകയും അവിടെ തരംതിരിക്കും. പുനരുപയോഗ സാധ്യമല്ലാത്ത പ്ളാസ്റ്റിക് കവറുകൾ ഷ്രെഡ്ഡിങ്ങ് മെഷീനിൽ ഇട്ട് ഷ്രെഡ് ചെയ്ത ശേഷം റോഡ് ടാറിങ്ങിന് ഉപയോഗിക്കുകയും ചെയ്യുന്നു.പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിലൂടെ പഞ്ചായത്തിലെ പരിസര മലിനീകരണം തടയാൻ കഴിയുന്നു എന്നതാണ് നേട്ടം. കൂടാതെ പ്ളാസ്റ്റിക് കത്തിച്ച പുക ശ്വസിക്കുന്നതു കൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് ഹരിതകർമ സേനാംഗങ്ങൾ ആളുകൾക്ക് അവബോധം നൽകുകയും ചെയ്യുന്നു.'ഹരിതം' ഹരിത കർമസേനയെ മികവുറ്റ രീതിയിൽ മുന്നോട്ടു നയിക്കുന്നത് കൺസോർഷ്യം പ്രസിഡൻറ് സുജിത കുമാരിയും കൺസോർഷ്യം സെക്രട്ടറി അഞ്ജു ശങ്കറുമാണ്. ഇവരുടെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകി ആറൻമുള പഞ്ചായത്തും ഒപ്പമുണ്ട്.

പബ്ളിക് റിലേഷൻസ് ഓഫീസർ കുടുംബശ്രീ



ആറൻമുളയിലെ ഹരിതകർമസേനാംഗങ്ങൾ പുരസ്കാരവുമായി

## സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂൾ പ്രവേശനം പ്രവേശന പരീക്ഷ 10ന്

നെടുമങ്ങാട് മഞ്ച സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ അടുത്ത അക്കാദമിക വർഷത്തേയ്ക്കുള്ള എട്ടാം ക്ലാസ്സ് പ്രവേശനത്തിനുള്ള പ്രവേശന പരീക്ഷ ഏപ്രിൽ 10ന് രാവിലെ 10 ന് സ്കൂളിൽ ആരംഭിക്കും. അപേക്ഷ സമർപ്പിച്ച എല്ലാ കുട്ടികളും ആധാർ കാർഡുമായി രക്ഷിതാവിനോടൊപ്പം അന്നേ ദിവസം രാവിലെ 9 മണിക്ക് സ്കൂളിൽ ഹാജരാകണം. ഫലപ്രഖ്യാപനം വൈകിട്ട് 4ന് നടക്കും. അന്തിമ റാങ്ക് പട്ടിക ഏപ്രിൽ 15ന് പ്രസിദ്ധീകരിക്കും. ഏപ്രിൽ 16 മുതൽ പ്രവേശന നടപടികൾ സ്കൂളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 9846170024, 7907788350, 9446686362, 9645814820, 7907938093, 9446547098.

## തിരുവല്ലയിൽ പോലീസുകാരൻ മരിച്ച നിലയിൽ

പത്തനംതിട്ട: തിരുവല്ലയിൽ പോലീസുകാരനെ മരിച്ച നിലയിൽ കണ്ടെത്തി. തിരുവല്ല ട്രാഫിക് യൂണിറ്റിലെ സിവിൽ പോലീസ് ഓഫീസർ ആർ. ആർ. രതീഷ് ആണ് മരിച്ചത്. പത്തനംതിട്ട ചിറ്റാറിലെ വീട്ടിലാണ് രതീഷിന്റെ മൃതദേഹം കണ്ടെത്തിയത്. ഇന്നലെ രാത്രിയിലായിരുന്നു സംഭവം.

## ആർ.ടി.എ യോഗം 24ന്

റീജിയണൽ ട്രാൻസ്പോർട്ട്അതോറിറ്റി (ആർ.ടി.എ) തിരുവനന്തപുരത്തിന്റെ അടുത്ത യോഗം ഏപ്രിൽ 24ന് രാവിലെ 10ന് തിരുവനന്തപുരം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കും.

# എഐസിസി സമ്മേളനത്തിന് ഗുജറാത്തിൽ ഇന്നു തുടക്കം

അഹമ്മദാബാദ്: നീണ്ട 64 വർഷത്തിനുശേഷം ആദ്യമായി ഗുജറാത്തിൽ എഐസിസി സമ്മേളനം നടക്കുന്നു. ഇന്നും നാളെയുമായി അഹമ്മദാബാദിലാണു സമ്മേളനം. കോൺഗ്രസിന്റെ പാർട്ടി സംഘടന ശക്തിപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന എഐസിസി സമ്മേളനത്തിനു മുന്നോടിയായി വിശാല പ്രവർത്തകസമിതി യോഗം ഇന്നു നടക്കും. സർദാർ വല്ലഭ്ഭായ് പട്ടേൽ സ്മാരകത്തിൽ രാവിലെ ആരംഭിക്കുന്ന വിപുലീകൃത കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി യോഗത്തിനായി മുതിർന്ന നേതാക്കൾ തിങ്കളാഴ്ച വൈകുന്നേരം അഹമ്മദാബാദിലെത്തി.

മഹാത്മാഗാന്ധിയുടെ കോൺഗ്രസ് അധ്യക്ഷ സ്ഥാനത്തിന്റെ 100-ാം വാർഷികവും സർദാർ പട്ടേലിന്റെ 150-ാം ജന്മവാർഷികവും പ്രമാണിച്ചാണ് എഐസിസി സമ്മേളനം ഗുജറാത്തിൽ നടത്തുന്നത്. 'ന്യായപഥ്: സങ്കൽപ്, സമർപ്പൺ, സംഘർഷ്'എന്ന പ്രമേയത്തിലാണ് ഇത്തവണത്തെ അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റി (എഐസിസി) സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നതെന്ന് സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പറഞ്ഞു.

പാർട്ടി ദേശീയ പ്രസിഡൻറ് മല്ലികാർജുൻ ഖാർഗെയുടെ അധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ മുൻ പ്രസിഡൻറുമാരായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവരും പ്രിയങ്ക ഗാന്ധി വദ്ര അടക്കമുള്ള മുതിർന്ന നേതാക്കളെല്ലാം പങ്കെടുക്കും.

വേണുഗോപാലിനുപുറമെ വർക്കിംഗ് കമ്മിറ്റിയംഗങ്ങളായ ഡോ. ശശി തരൂർ, കൊടിക്കുന്നിൽ സുരേഷ്, രമേശ് ചെന്നിത്തല, പ്രതിപക്ഷനേതാവ് വി. ഡി. സതീശൻ, കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ, എംപിമാർ, കെപിസിസി നേതാക്കൾ തുടങ്ങിയവരെല്ലാം കേരളത്തിൽനിന്ന് അഹമ്മദാബാദിലെത്തിയിട്ടുണ്ട്. എഐസിസി ഭാരവാഹികൾ, മുഖ്യമന്ത്രിമാർ, എല്ലാ സംസ്ഥാനങ്ങളിലെയും പിസിസി പ്രസിഡൻറുമാർ, നിയമസഭാകക്ഷി നേതാക്കൾ, എഐസിസി അംഗങ്ങൾ തുടങ്ങിയവരുൾപ്പെടെ 1,700ലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

പ്രതിപക്ഷ 'ഇന്ത്യ'സഖ്യത്തിന്റെ ഭാവി, ബിജെപിക്കെതിരായ രാഷ്ട്രീയ തന്ത്രങ്ങൾ, മണ്ഡല പുനർനിർണയ പ്രശ്നങ്ങൾ, ജാതി സെൻസസ്, ന്യൂനപക്ഷ - ഭൂരിപക്ഷ പ്രശ്നങ്ങളും കോൺഗ്രസിന്റെ സമീപനവും, പാർട്ടിയുടെ കാർഷിക, സാന്പത്തിക, വിദേശകാര്യ നയങ്ങൾ വരെ സമ്മേളനം ചർച്ച ചെയ്തു നിലപാട് സ്വീകരിക്കും.

അഹമ്മദാബാദിലെ ഷാഹിബാഗിലുള്ള സർദാർ സ്മാരകത്തിൽ ഇന്നു രാവിലെ 11 മുതലാണ് പാർട്ടിയുടെ പരമോന്നത നയരൂപീകരണ സമിതിയായ വർക്കിംഗ് കമ്മിറ്റി യോഗം ചേരുക. വൈകുന്നേരം അഞ്ചിന് മഹാത്മാഗാന്ധിയുടെ സബർമതി ആശ്രമത്തിൽ പാർട്ടി നേതാക്കളും പ്രതിനിധികളും പ്രാർഥനായോഗം നടത്തും.

രാത്രി 7.45 ന് സബർമതി നദിയുടെ തീരത്തുള്ള റിവർഫ്രണ്ട് ഇവൻറ് സെൻററിൽ ഗുജറാത്തിന്റെ പൈതൃകവും കോൺഗ്രസിന്റെ സംഭാവനയും ആഘോഷിക്കുന്ന സാംസ്കാരിക പരിപാടിയോടെയാണ് ഇന്നത്തെ സമാപനം.

സബർമതി നദിക്കരയിൽ തയാറാക്കിയ പ്രത്യേക പന്തലിലാണു ബുധനാഴ്ച എഐസിസി സമ്മേളനം നടക്കുക. പ്രതിനിധികളടക്കം 3,000 നേതാക്കൾ പങ്കെടുക്കും. സമ്മേളനത്തിനായി കോൺഗ്രസ് നേതാക്കളുടെ ചിത്രങ്ങളോടുകൂടിയ ബോർഡുകളും കൊടിതോരണങ്ങളും കൊണ്ട് അഹമ്മദാബാദ് നഗരം മുഴുവൻ അലങ്കരിച്ചിട്ടുണ്ട്.

1885ൽ രൂപീകൃതമായതിനുശേഷം ഗുജറാത്തിലെ ആറാമത്തേതും അഹമ്മദാബാദിൽ നടക്കുന്ന മൂന്നാമത്തേതും സ്വാതന്ത്ര്യത്തിനു ശേഷമുള്ള രണ്ടാമത്തേതുമാണ് ഇന്നും ബുധനാഴ്ചയുമായി അഹമ്മദാബാദിൽ നടക്കുന്ന എഐസിസി സമ്മേളനം. 1961ലായിരുന്നു ഭാവ്നഗറിൽ ഗുജറാത്തിലെ അവസാന എഐസിസി സമ്മേളനം.

കോൺഗ്രസിനെ സംഘടനാപരമായി ശക്തിപ്പെടുത്തുന്നതിലും മുൻകാല പ്രതാപം പുനരുജ്ജീവിപ്പിക്കുന്നതിലുമാകും ഇത്തവണത്തെ ശ്രദ്ധയെന്ന് എഐസിസി ജനറൽ സെക്രട്ടറി ജയ്റാം രമേശ് പറഞ്ഞു. 1902 ഡിസംബറിൽ സുരേന്ദ്രനാഥ് ബാനർജിയും 1938ൽ സുഭാഷ് ചന്ദ്ര ബോസും കോൺഗ്രസ് അധ്യക്ഷന്മാരായിരിക്കെ ഗുജറാത്തിൽ നടന്ന എഐസിസി സമ്മേളനങ്ങൾ ചരിത്ര സംഭവങ്ങളായിരുന്നു. 1907 ഡിസംബറിൽ സൂറത്തിൽ റാഷ് ബെഹാരി ഘോഷിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനം പാർട്ടിയിലെ ആദ്യ പിളർപ്പിനു സാക്ഷ്യം വഹിച്ചു. 1921 ഡിസംബറിൽ ഹക്കിം അജ്മൽ ഖാന്റെ അധ്യക്ഷതയിൽ അഹമ്മദാബാദിലായിരുന്നു എഐസിസി സമ്മേളനം.

## പഞ്ചാബിൽ ബിജെപി നേതാവിന്റെ വീടിന് നേരെയുണ്ടായ ആക്രമണം; ലോറൻസ് ബിഷ്ണോയിക്ക് പങ്കുണ്ടെന്ന് പോലീസ്

അമൃത്സർ: പഞ്ചാബിൽ ബിജെപി നേതാവിന്റെ വസതിക്ക് നേരെയുണ്ടായ ഗ്രനേഡ് ആക്രമണത്തിന് അന്താരാഷ്ട്ര കുറ്റവാളി ലോറൻസ് ബിഷ്ണോയിയുമായി ബന്ധമുണ്ടെന്ന് കണ്ടെത്തൽ.

ആക്രമണത്തിന്റെ ബുദ്ധികേന്ദ്രമെന്ന് പോലീസ് സംശയിക്കുന്ന സീഷൻ അക്തർ, ലോറൻസ് ബിഷോയിയുടെ അടുത്ത അനുയായിയാണെന്ന് പഞ്ചാബ് പോലീസ് വ്യക്തമാക്കി. എൻസിപി നേതാവ് ബാബ സിദ്ദിഖിയുടെ കൊലപാതകത്തിൽ സീഷൻ അക്തറിന് പങ്കുള്ളതായും പോലീസ് കണ്ടെത്തിയിട്ടുണ്ട്.

പഞ്ചാബിലെ മതസൗഹാർദ്ദം തകർക്കാൻ പാക് രഹസ്യാന്വേഷണ ഏജൻസിയായ ഐഎസ്ഐ ഗൂഢാലോചന നടത്തുന്നുണ്ടെന്നും ബിജെപി നേതാവ് മനോരഞ്ജൻ കാലിയയുടെ വീടിന് നേരെയുണ്ടായ ആക്രമണം അതിർത്തിക്കപ്പുറത്താണ് ആസൂത്രണം ചെയ്തതെന്നും പോലീസ് വൃത്തങ്ങൾ അറിയിച്ചു.

ഗ്രനേഡ് എറിഞ്ഞ മുഖ്യപ്രതിയെ കസ്റ്റഡിയിലെടുത്തതായും ആക്രമണത്തിന് ഉപയോഗിച്ച ഇ-റിക്ഷയും പിടിച്ചെടുത്തതായും പോലീസ് വൃത്തങ്ങൾ അറിയിച്ചു. അതേസമയം, ആക്രമണത്തിന്റെ ഉത്തരവാദിത്വം ബബ്ബർ ഖൽസ ഇൻറർനാഷണൽ ഭീകരൻ ഹാപ്പി പാസിയ ഏറ്റെടുത്തു.

ലോറൻസ് ബിഷ്ണോയി സംഘം ഖാലിസ്ഥാൻ ഭീകര സംഘടനകളുമായും ഐഎസ്ഐയുമായും ചേർന്ന് പ്രവർത്തിക്കുന്നുണ്ടെന്നാണ് സൂചന.

## എസ്എംഎ രോഗബാധിതയായ മലയാളിക്ക് ഒരു വർഷത്തേയ്ക്ക് മരുന്ന് സൗജന്യമായി ലഭിക്കും

ന്യൂഡൽഹി: എസ്എംഎ രോഗബാധിതയായ സെബയ്ക്ക് സ്പൈനൽ മസ്കുലാർ അട്രോഫി എന്ന അപൂർവരോഗത്തിനുള്ള കോടികൾ വിലവരുന്ന മരുന്ന് ഒരു വർഷത്തേക്ക് സൗജന്യമായി ലഭിക്കും. സെബയുടെ ഹർജി സുപ്രീംകോടതി പരിഗണിക്കവെ ഒരു വർഷത്തേക്ക് സൗജന്യമായി മരുന്ന് നൽകാമെന്ന് സ്വകാര്യ മരുന്ന് കമ്പനി അറിയിക്കുകയായിരുന്നു. റോച്ചെ എന്ന സ്വകാര്യ മരുന്ന് കമ്പനിയാണ് സുപ്രീംകോടതിയിൽ ഇക്കാര്യം അറിയിച്ചത്. തുടർന്ന് ഇതിനുള്ള അനുവാദം സുപ്രീംകോടതി ചീഫ് ജസ്റ്റീസ് നൽകി. സെബയ്ക്ക് കേന്ദ്രം സൗജന്യമായി മരുന്ന് നൽകണമെന്നായിരുന്നു കേരള ഹൈക്കോടതി ഉത്തരവ്.

ഇതിനെതിരെ കേന്ദ്രം നൽകിയ അപ്പീലാണ് സുപ്രീംകോടതി ഇന്ന് പരിഗണിച്ചത്. എസ്എംഎ രോഗബാധിതർക്കുള്ള സഹായവുമായി ബന്ധപ്പെട്ട ഹർജി സുപ്രീംകോടതി മറ്റൊരു ബെഞ്ചിലേക്ക് വിടുകയും ചെയ്തു.

## ദുബായി കിരീടാവകാശി ഷെയ്ഖ് ഹംദാൻ ഇന്ത്യയിലെത്തി; സ്വീകരിച്ച് സുരേഷ് ഗോപി

ന്യൂഡൽഹി: ദുബായി കിരീടാവകാശി ഷെയ്ഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ഇന്ത്യയിലെത്തി. ന്യൂഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിയ അദ്ദേഹത്തെ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഔദ്യോഗിക ബഹുമതികളോടെ സ്വീകരിച്ചു. നിരവധി മന്ത്രിമാരും മുതിർന്ന സർക്കാർ ഉദ്യോഗസ്ഥരും ബിസിനസ് പ്രതിനിധി സംഘവും അദ്ദേഹത്തെ അനുഗമിച്ചെത്തിയിട്ടുണ്ട്. ദ്വിദിന സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രത്യേക ക്ഷണപ്രകാരമാണ് ഷെയ്ഖ് ഹംദാൻ ഇന്ത്യയിലെത്തിയത്. പ്രധാനമന്ത്രി, വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ, പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് എന്നിവരുമായി ചർച്ച നടത്തുന്ന അദ്ദേഹം, ഇരുരാജ്യങ്ങൾ തമ്മിലുള്ള ബന്ധം ശക്തമാക്കുന്നതിനുള്ള വ്യാപാര വട്ടമേശ സമ്മേളനത്തിലും പങ്കെടുക്കും. ഇന്ന് മോദി ഒരുക്കുന്ന ഉച്ചഭക്ഷണ വിരുന്നിലും അദ്ദേഹം പങ്കെടുക്കും. സന്ദർശനം ഇന്ത്യയും യുഎഇയും തമ്മിലുള്ള സാന്പത്തിക, വ്യാപാര സഹകരണം പരന്പരാഗതവും അല്ലാത്തതുമായ മേഖലകളിൽ ശക്തിപ്പെടുത്തുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## യുക്തിവാദി നേതാവ് സനൽ ഇടമറുക് പോളണ്ടിൽ അറസ്റ്റിൽ

വാർസോ: പ്രമുഖ യുക്തിവാദിയായ സനൽ ഇടമറുക് പോളണ്ടിൽ അറസ്റ്റിൽ. പോളണ്ടിലെ വാർസോ മോഡ്ലിൻ വിമാനത്താവളത്തിൽവെച്ച് മാർച്ച് 28നായിരുന്നു അറസ്റ്റെന്ന് ഫിൻലൻഡ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഇക്കാര്യം ഫിൻലൻഡിലെ വിദേശകാര്യമന്ത്രാലയവും സ്ഥിരീകരിച്ചിട്ടുണ്ട്. ഇന്ത്യയുടെ നിർദേശപ്രകാരം 2020 ലെ വീസ തട്ടിപ്പുകേസിൽ സനലിനെതിരെ ഇൻറർപോൾ റെഡ് കോർണർ നോട്ടിസ് പുറപ്പെടുവിച്ചിരുന്നു. 2012 ൽ മതനിന്ദാ കേസിൽപ്പെട്ട് ഇന്ത്യവിട്ട സനൽ പിന്നീട് ഫിൻലൻഡിലായിരുന്നു താമസം. രാജ്യാന്തര കോൺഫറൻസിൽ പങ്കെടുക്കാനാണ് പോളണ്ടിലെത്തിയത്. വിദ്വേഷകരമായ പരാമർശത്തെ തുടർന്ന് 2012-ൽ കത്തോലിക്കാ സഭ ഇയാൾക്കെതിരേ കേസ് കൊടുത്തിരുന്നു.

## കാർ വെള്ളക്കെട്ടിലേക്ക് വീണ് ഒരു കുടുംബത്തിലെ നാലുപേർ മരിച്ചു

പാറ്റ്ന: ബിഹാറിൽ കാർ വെള്ളക്കെട്ടിലേക്ക് വീണ് ഒരു കുടുംബത്തിലെ നാലുപേർ മരിച്ചു. ഗയ ജില്ലയിലെ വാസിർഗഞ്ച് പോലീസ് സ്റ്റേഷൻ പരിധിയിലുള്ള ദഖിൻഗാവ് പാലത്തിന് സമീപമാണ് അപകടം നടന്നത്. സഹവാജ്പൂർ ഗ്രാമത്തിലെ കർഷകനായ ശശികാന്ത് ശർമ (43), ഭാര്യ റിങ്കി ദേവി (40), മക്കളായ സുമിത് ആനന്ദ് (17), ബാൽകൃഷ്ണ (അഞ്ച് ) എന്നിവരാണ് മരിച്ചത്. ബീഹാർ ഷെരീഫിൽ നടന്ന ഒരു ചടങ്ങിൽ പങ്കെടുത്ത് കുടുംബം മടങ്ങുമ്പോഴാണ് ദുരന്തമുണ്ടായതെന്ന് വസീർഗഞ്ച് പോലീസ് സ്റ്റേഷനിലെ എസ്എച്ച്ഒ അറിയിച്ചു.ദഖിൻഗാവിനടുത്തുള്ള ഇടുങ്ങിയ പാലം കടക്കുന്നതിനിടെ ഡ്രൈവർക്ക് വാഹനത്തിന്റെ നിയന്ത്രണം നഷ്ടപ്പെട്ടതാണ് അപകടകാരണം. വാഹനം റോഡിൽ നിന്ന് തെന്നിമാറി റോഡരികിലെ ഒരു വെള്ളക്കെട്ടിലേക്ക് വീണു. വെള്ളത്തിൽ മുങ്ങിയ വാഹനത്തിൽ നിന്ന് ഡ്രൈവർ സിൻറു രക്ഷപ്പെട്ടു. ഇയാളുടെ നിലവിളി കേട്ട സമീപത്തുള്ള ഒരു ഹോട്ടൽ ഉടമ ഗ്രാമവാസികളെയും പോലീസിലും അറിയിക്കുകയും ചെയ്തു. പോലീസും ഗ്രാമവാസികളും സ്ഥലത്തെത്തി ജെസിബിയുടെ സഹായത്തോടെ കാർ കുളത്തിൽ നിന്ന് പുറത്തെടുക്കുകയായിരുന്നു. നാലുപേരുടെയും മൃതദേഹങ്ങൾ കാറിനുള്ളിൽ തന്നെയുണ്ടായിരുന്നു.

## മതപരിവർത്തനം നടത്തിയെന്ന് ആരോപണം; ഛത്തീസ്ഗഡിൽ മലയാളി കന്യാസ്ത്രീക്കെതിരേ കേസ്

റായ്പൂർ: ഭീഷണിപ്പെടുത്തി മതപരിവർത്തനം നടത്തിയെന്ന് ആരോപിച്ച് ഛത്തീസ്ഗഡിൽ മലയാളി കന്യാസ്ത്രീക്കെതിരേ കേസെടുത്തു. ജാഷ്പൂർ ജില്ലയിലെ കുങ്കുരി പട്ടണത്തിലുള്ള ഹോളി ക്രോസ് നഴ്സിംഗ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ബിൻസി ജോസഫിനെതിരെയാണ് ജാമ്യമില്ലാ വകുപ്പ് പ്രകാരം കേസെടുത്തത്.

മതം മാറ്റാൻ ശ്രമിച്ചു എന്ന വിദ്യാർഥിനിയുടെ പരാതിയിലാണ് കേസ്. അതേസമയം പരാതിക്കാരിയായ പെൺകുട്ടിയെ അറ്റൻഡൻസ് ഇല്ലാതെ പ്രാക്ടിക്കൽ പരീക്ഷ എഴുതാൻ അനുവദിക്കില്ലെന്ന് കോളജ് അധികൃതർ അറിയിച്ചിരുന്നു. ഇതിന് പിന്നാലെയാണ് പെൺകുട്ടി ജില്ലാ കളക്ടർക്ക് വ്യാജപരാതി നൽകിയതെന്ന് സിസ്റ്റർ ബിൻസി അറിയിച്ചു. ആരോപണം അടിസ്ഥാനരഹിതമാണെന്ന് സഭാ അധികൃതരും അറിയിച്ചു.

## വിവാദ പരാമർശം; മാപ്പ് പറഞ്ഞ് കർണാടക ആഭ്യന്തര മന്ത്രി

ബംഗുളൂരു: സ്ത്രീകൾക്കെതിരായ അതിക്രമങ്ങളെ നിസാരവത്ക്കരിച്ച് വിവാദ പ്രസ്താവന നടത്തിയ കർണാടക ആഭ്യന്തര മന്ത്രി മാപ്പ് പറഞ്ഞു.

ബംഗുളൂരു നഗരത്തിലൂടെ പുലർച്ചെ നടന്നുപോയ രണ്ട് യുവതികളിലൊരാളെ അജ്ഞാതൻ കടന്നുപിടിച്ചെന്ന കേസിൽ, ആഭ്യന്തരമന്ത്രി നടത്തിയ പരാമർശമാണ് വിവാദമായത്. വൻനഗരങ്ങളിൽ അങ്ങിങ്ങ് ഇത്തരം സംഭവങ്ങളുണ്ടാകുന്നതിൽ അസ്വാഭാവികത ഇല്ലെന്നായിരുന്നു മന്ത്രി ജി. പരമേശ്വരയുടെ പരാമർശം.

'സ്ത്രീകളുടെ സുരക്ഷയെക്കുറിച്ച് എപ്പോഴും വളരെയധികം ആശങ്കയുള്ള ഒരാളാണ് ഞാൻ. സ്ത്രീകളുടെ സുരക്ഷയ്ക്കായി നിർഭയ ഫണ്ടുകൾ നന്നായി വിനിയോഗിക്കുന്നുണ്ടെന്ന് ഞാൻ ഉറപ്പാക്കിയിട്ടുണ്ട്. എന്റെ പ്രസ്താവന വളച്ചൊടിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇതിൽ ഏതെങ്കിലും സ്ത്രീക്ക് വേദനയുണ്ടായിട്ടുണ്ടെങ്കിൽ, ഞാൻ ഖേദം പ്രകടിപ്പിക്കുകയും ക്ഷമ ചോദിക്കുകയും ചെയ്യുന്നു. ' അദ്ദേഹം പറഞ്ഞു.

മന്ത്രിയുടെ പ്രസ്താവന വിവാദമായതിനെ തുടർന്ന് രാജി ആവശ്യപ്പെട്ട് ബിജെപി പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. 2017ലും പരമേശ്വര ഇത്തരത്തിൽ പ്രകോപനപരമായ സ്ത്രീവിരുദ്ധ പ്രസ്താവന നടത്തിയിട്ടുണ്ടെന്ന് ബിജെപി ദേശീയ വക്താവ് ഷെഹ്സാദ് പൂനാവാല ആരോപിച്ചു. ഈ സർക്കാരിനു കീഴിൽ സ്ത്രീകൾ സുരക്ഷിതരല്ലെന്നും ഹംപിയിൽ കഴിഞ്ഞ മാസം ഇസ്രയേലി യുവതി കൂട്ട ബലാത്സംഗത്തിന് ഇരയായ സംഭവം ഉയർത്തിക്കാട്ടി അവർ ആരോപിച്ചു.

## വൃത്തി കോൺക്ലേവ് മുഖ്യമന്ത്രി നാളെ ഉദ്ഘാടനം ചെയ്യും

### 150ൽ അധികം സ്റ്റാളുകൾ;പഞ്ചായത്തുകളുടെ മികച്ച മാതൃകകളുടെ മൽസരങ്ങൾ; എല്ലാ ദിവസവും കലാപരിപാടികൾ

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട മേഖലകളെപ്പറ്റി വിശദമായ ചർച്ചകൾക്കും പരിഹാരാന്വേഷണങ്ങൾക്കുമായി സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വൃത്തി 2025 എന്ന പേരിൽ സംഘടിപ്പിക്കുന്ന ദേശീയ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം കനകക്കുന്നിൽ നടക്കുന്ന കോൺക്ലേവിന്റെ ഉദ്ഘാടനം നാളെ (09/04) വൈകുന്നേരം 5 മണിക്ക് നിശാഗന്ധിയിൽ നടക്കും.തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ മന്ത്രി എം.ബി.രാജേഷ് ചടങ്ങിൽ അധ്യക്ഷത വഹിക്കും. മന്ത്രിമാരായ കെ.രാജൻ, റോഷി അഗസ്റ്റിൻ, എ.കെ. ശശീന്ദ്രൻ, കെ.ബി.ഗണേഷ് കുമാർ, ജി.ആർ.അനിൽ, പി.എ. മുഹമ്മദ് റിയാസ്, വി.ശിവൻകുട്ടി, വീണാ ജോർജ്, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ എന്നിവർ വിവിധ ഉപ പരിപാടികൾ ഉദ്ഘാടനം ചെയ്യും. ഡോ. ശശി തരൂർ എം.പി, എം.എൽ.എമാരായ വി.കെ. പ്രശാന്ത്, കടകംപള്ളി സുരേന്ദ്രൻ, ആന്റണി രാജു. ഒ.എസ്. അംബിക, കെ. ആൻസലൻ, സി.കെ.ഹരീന്ദ്രൻ, വി.ജോയ്, ഡി.കെ.മുരളി, വി.ശശി, ഐ.ബി.സതീഷ്, ജി.സ്റ്റീഫൻ, എം. വിൻസന്റ്, തിരുവനന്തപുരം മേയർ ആര്യ രാജേന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ തുടങ്ങിയവർ പങ്കെടുക്കും.

കേരളത്തെ പൂർണമായും മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ചിൽ തുടങ്ങിയ 'മാലിന്യമുക്തം നവകേരളം' പ്രവർത്തന-പ്രചാരണ പരിപാടിവഴി കേരളം കൈവരിച്ച മികച്ച നേട്ടങ്ങളും, വികസിപ്പിച്ച മാതൃകകളും, പരീക്ഷിച്ച് വിജയം കണ്ട സാങ്കേതിക വിദ്യകളും, നാടിന്റെ വൃത്തിക്കായി പണിയെടുത്ത വ്യക്തികളും, സംഘടനകളും തുടങ്ങി എതിർപ്പ് പ്രകടിപ്പിക്കുന്നവരുടെ ആശങ്കകളും ആശയങ്ങളും വരെ എല്ലാറ്റിനെയും ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരികയാണ് കോൺക്ലേവിലൂടെ ലക്ഷ്യമിടുന്നത്. ഏപ്രിൽ 12ന് വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന സമ്മേളനം കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും. സ്പീക്കർ എ.എൻ. ഷംസീർ സമാപന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. ഏപ്രിൽ 13വരെ പ്രദർശനങ്ങൾ തുടരും. പഞ്ചായത്തുകളുടെ മികച്ച മാതൃകകളുടെ മൽസരവും 13 ന് അവസാനിക്കും.ഏഴു മേഖലകളിലായി അറുപത് സെഷനുകളിൽ ഇരുനൂറോളം വിദഗ്ദ്ധരാണ് അഞ്ചുദിവസത്തെ പരിപാടിയിൽ ആശയങ്ങൾ പങ്കുവയ്ക്കുക. ദ്രവ മാലിന്യ സംസ്കരണം, ഖര മാലിന്യ സംസ്കരണം, കാലാവസ്ഥാവ്യതിയാനം, ചാക്രിക സമ്പദ് വ്യവസ്ഥ, നയവും നിയമങ്ങളും, മാധ്യമങ്ങൾ, ആശയവിനിമയവും ബോധവൽക്കരണവും എന്നീ ഏഴ് മേഖലകളാക്കി തിരിച്ചാണ് ചർച്ചകൾ സംഘടിപ്പിക്കുന്നത്. കേന്ദ്ര സർക്കാരിനു കീഴിലുള്ള അമൃത് മിഷൻ, സ്വച്ഛ് ഭാരത് മിഷൻ ദേശീയതലത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാരേതര സ്ഥാപനങ്ങൾ, ഐഐടി പോലുള്ള അക്കാദമിക സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യകൾ വികസിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങൾ, മാലിന്യസംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികൾ വിവിധ സെഷനുകളിൽ പങ്കെടുക്കും. മാധ്യമപ്രതിനിധികൾ പങ്കെടുക്കുന്ന ഓപ്പൺ സെഷനുകൾ കോൺഫറൻസിന്റെ മറ്റൊരു പ്രത്യേകതയാണ്.

സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം കോൺക്ലേവിൽ പങ്കെടുക്കും. മാലിന്യസംസ്കരണ പ്ലാന്റുകളുമായി ബന്ധപ്പെട്ട് എതിർപ്പുകളുയർത്തുന്നവരുമായും വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികളുമായും മുഖാമുഖവും ഹരിതകർമസേനയ്ക്കുള്ള പരിശീലനവും കോൺക്ലേവിന്റെ ഭാഗമാണ്. മാലിന്യനിർമാർജന പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി സ്വകാര്യ നിക്ഷേപകരേയും സ്റ്റാർട്ടപ്പുകളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ബിസിനസ് മീറ്റിംഗുകളിൽ ഈ രംഗത്തെ നിക്ഷേപ സാധ്യതകളും സ്റ്റാർട്ടപ്പുകളുടെ പങ്കും ചർച്ച ചെയ്യും.150ൽ അധികം സ്റ്റാളുകളിൽ തദ്ദേശ സ്ഥാപനങ്ങളുടേയും മാലിന്യനിർമാർജ്ജന രംഗത്തെ സ്ഥാപനങ്ങളുടേയും പ്രദർശനങ്ങൾ ഉണ്ടാകും. ഏപ്രിൽ 10, 11 തിയതികളിൽ വൈകിട്ട് അഞ്ചു മണി മുതൽ രാത്രി പത്തുമണി വരെ മാനവീയം വീഥിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും കലാപരിപാടികളും നടത്തും.

## വീട്ടിലെ പ്രസവം,സാമൂഹ മാധ്യമങ്ങളിലൂടെയുള്ള തെറ്റായ പ്രചരണം കുറ്റകരം : മന്ത്രി വീണാ ജോർജ്

### മന്ത്രിയുടെ നേതൃത്വത്തിൽ സ്റ്റേറ്റ് ആർആർടി യോഗം ചേർന്നു

വീട്ടിലെ പ്രസവത്തെപ്പറ്റി സമൂഹ മാധ്യമങ്ങളിലൂടെയുള്ള തെറ്റായ പ്രചരണങ്ങൾ കുറ്റകരമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അശാസ്ത്രീയ മാർഗങ്ങളിലൂടെയുള്ള പ്രസവം അമ്മയുടേയും കുഞ്ഞിന്റേയും ജീവന് ഭീഷണിയാണ്. അതിനാൽ പൊതുജനാരോഗ്യ നിയമ പ്രകാരവും ഭാരതീയ ന്യായ സംഹിത വകുപ്പുകൾ പ്രകാരവും നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് പ്രതിവർഷം 400 ഓളം പ്രസവങ്ങൾ വീട്ടിൽ വച്ച് നടക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ വർഷം ഏപ്രിൽ മുതൽ ഈ വർഷം ഫെബ്രുവരി വരെ ആകെ 2,94,058 പ്രസവങ്ങളാണ് നടന്നത്. അതിൽ 382 പ്രസവങ്ങൾ വീട്ടിലാണ് നടന്നത്. അതിഥി തൊഴിലാളികളുടെ ഇടയിലും ആദിവാസി മേഖലയിലും വീട്ടിലെ പ്രസവം നടക്കുന്നുണ്ട്. ഇതിന്റെ കാര്യ കാരണങ്ങളെക്കുറിച്ച് വിശദമായി പഠിച്ച് തുടർ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകി. ചികിത്സ നിഷേധിക്കുന്നത് കുറ്റകരമാണെന്നും മന്ത്രി വ്യക്തമാക്കി.

ജനപ്രതിനിധികളുടേയും സമുദായിക സാംസ്കാരിക സംഘടനകളുടേയും സഹകരണത്തോടെ വീട്ടിലെ പ്രസവത്തിന്റെ ദോഷവശങ്ങളെപ്പറ്റി ബോധവത്ക്കരണം ശക്തമാക്കും. ഓരോ പ്രദേശത്തിന്റേയും കൃത്യമായ ഡേറ്റയും കാരണവും ശേഖരിച്ച് തുടർനടപടി സ്വീകരിക്കാൻ ജില്ലകൾക്ക് നിർദേശം നൽകി. ആരോഗ്യ വകുപ്പിനോടൊപ്പം മറ്റ് വകുപ്പുകളും ഒരുമിച്ച് പ്രവർത്തിക്കണം. ഓരോ പ്രദേശത്തിന്റേയും വിവരങ്ങൾ കൃത്യമായി ശേഖരിക്കണം. സോഷ്യൽ മീഡിയയിലൂടേയും യൂട്യൂബിലൂടെയും തെറ്റായ ആരോഗ്യ വിവരങ്ങൾ നൽകുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും മന്ത്രി നിർദേശം നൽകി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ഐഎസ്എം ഡയറക്ടർ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ, ആർ.ആർ.ടി. അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ പോഷക മൂല്യം ഉറപ്പു വരുത്തി: മന്ത്രി വി ശിവൻ കുട്ടി

പയർവർഗ്ഗങ്ങളും പച്ചക്കറികളും ഉൾപ്പെടുത്തി പോഷകമൂല്യം ഉറപ്പാക്കിയ ഉച്ചഭക്ഷണ മെനുവാണ് ഇന്ന് കുട്ടികൾക്ക് ലഭ്യമാകുന്നതെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. തിരുവനന്തപുരം പട്ടം ഗവ. ഗേൾസ് എച്ച്.എസ്.എസിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. പദ്ധതിയുടെ പരിധിയിൽ വരുന്ന സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീപ്രൈമറി മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള വിദ്യാർഥികൾക്ക് 4 കി.ഗ്രാം വീതം അരി വിതരണം ചെയ്യും. ഏകദേശം 17,313 മെട്രിക് ടൺ അരിയാണ് ഇതിനായി വിതരണം ചെയ്യുന്നത്. പി എം പോഷൺ പദ്ധതി, ഒരു കേന്ദ്രാവിഷ്കൃതമായ പദ്ധതി ആണെങ്കിലും കേരളത്തിൽ നിലവിൽ വളരെ പ്രതീക്ഷയോടെയും ഊർജത്തോടെയുമാണ് നടപ്പിലാക്കുന്നത്. വിദ്യാർഥികളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയുള്ള കേന്ദ്ര സംസ്ഥാന പങ്കാളിത്തത്തോടെ ഓരോ വർഷവും ഇതിന് വിഹിതം അനുവദിക്കപ്പെടുന്നു.

2016-ൽ ഒന്നാം പിണറായി സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ഉച്ചഭക്ഷണ പദ്ധതി എത്രത്തോളം മെച്ചപ്പെട്ടിരിക്കുന്നു എന്നത് ഇന്നത്തെ കേരളം മുഴുവൻ കാണുന്ന വിജയം തന്നെയാണ്. അച്ചാറോ രസമോ മാത്രം ഉച്ചഭക്ഷണത്തോടൊപ്പം നൽകുന്നതിന്റെ കാലം കടന്നു പോയി.

ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി ചഅആഘ അംഗീകൃത ലാബുകളിൽ പരിശോധന സംവിധാനം നടപ്പാക്കി. കൂടാതെ, 2,200 സ്കൂളുകളിൽ പ്രഭാതഭക്ഷണവും നടപ്പിലാക്കിയിട്ടുണ്ട്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി വിശേഷമായ നേട്ടങ്ങൾ കൈവവരിക്കാൻ കേരളത്തിനായി. 9,666 സ്കൂളുകളിൽ അടുക്കള തോട്ടങ്ങൾ ഒരുക്കി. പാചകത്തിനായി ഗ്യാസ് കണക്ഷനുകൾ ഉൾപ്പെടുത്തിയതോടെ കൂടുതൽ ശുചിത്വമുള്ള പാചകശാലകൾ ഉറപ്പാക്കി. ഉച്ചഭക്ഷണ പാചക തൊഴിലാളികൾക്ക് പരിശീലനവും, ഓണറേറിയം വർധനയും, അവധിക്കാലത്തിൽ പ്രതിമാസ ധനസഹായവും ലഭ്യമാക്കുന്നു. പദ്ധതിയുടെ സാമൂഹ്യ ഓഡിറ്റ് ആരംഭിച്ചു. സംസ്ഥാനതലത്തിൽ ആദ്യമായി പാചകതൊഴിലാളികളുടെ പാചക മത്സരം നടത്തി. പുതിയ മെനു പരിഷ്കരണത്തിന് അടിസ്ഥാനം വയ്ക്കുന്ന പഠന സമിതിയും രൂപീകരിച്ചു. ഇതെല്ലാം ചേർന്ന് കേരളത്തിലെ സ്കൂൾ കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് സഹായകമായതിനൊപ്പം പോഷകഭക്ഷണത്തിന്റെ സാധ്യതകൾ സമൂഹം മുഴുവൻ ചർച്ച ചെയ്യേണ്ടതാണ് എന്ന സന്ദേശവുമാണ് നാം നൽകുന്നത്.ഉച്ചഭക്ഷണ പദ്ധതി കേരളത്തിൽ പുതുമയുടെ വഴിയിലൂടെയാണ് നടത്തപ്പെടുന്നത്. വിദ്യാർഥികളുടെ ആരോഗ്യം ഒരു നാടിന്റെ ഭാവിയുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ഈ പദ്ധതി ബാലസൗഹൃദവും ആരോഗ്യപരവുമായ ഒന്നാണെന്നു മനസ്സിലാക്കി അതിന്റെ കരുത്ത് വർദ്ധിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.




**സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വി ശിവൻകുട്ടി നിർവഹിക്കുന്നു. മന്ത്രി ജി ആർ അനിൽ, വി കെ പ്രശാന്ത് എം എൽ എ എന്നിവർ സമീപം**

ഈ മഹത്തായ പദ്ധതി വിജയകരമായി നടപ്പിലാക്കുന്ന അധ്യാപകർക്കും പാചക തൊഴിലാളികൾക്കും സ്കൂൾ ഭരണസമിതികൾക്കും മാതാപിതാക്കൾക്കും എല്ലാ ഉദ്യോഗസ്ഥർക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നതായും മന്ത്രി പറഞ്ഞു. സമഗ്ര ഗുണമേൻമാ പദ്ധതിയുടെ ഭാഗമായുള്ള അധിക പിൻതുണാ ക്ലാസുകളുടെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു.

കേന്ദ്രാനുമതി ലഭിച്ചു കഴിഞ്ഞാൽ സ്കൂൾ ഉച്ച ഭക്ഷണത്തിനായി കേരളത്തിലെ കർഷകരിൽ നിന്നും ശേഖരിക്കുന്ന ചുവന്ന അരി നൽകാൻ കഴിയുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ പറഞ്ഞു. ഇതിനാവശ്യമായ നടപടിക്രമങ്ങൾ സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ചതായും മന്ത്രി പറഞ്ഞു.

ഡെപ്യൂട്ടി മേയർ പി.കെ. രാജു അധ്യക്ഷത വഹിച്ച ചടങ്ങിൽ വി കെ പ്രശാന്ത് എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി സുരേഷ് കുമാർ, പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ആർ.എസ്. ഷിബു, വിദ്യാഭ്യാസ ഉപഡയറക്ടർ സുബിൻ പോൾ, സപ്ലൈകോ റീജിയണൽ മാനേജർ എ. സജാദ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ ബിജു, പി.ടി.എ പ്രസിഡന്റ് അജിത് കുമാർ, മദർ പി.ടി.എ വി. വിജി, പ്രിൻസിപ്പൽ ഡോ. കെ ലൈലാസ്, എസ്.എം.സി ചെയർപേഴ്സൺ സജയ് നാരായണൻ, ഹെഡ്മിസ്ട്രസ്സ് ലിൻഡാ മാത്യു എന്നിവർ സംബന്ധിച്ചു.

# രുചിവൈവിധ്യങ്ങളുടെ പെരുമയുമായി തിരുവനന്തപുരം കോട്ടയം ജില്ലകളിൽ കുടുംബശ്രീ പ്രീമിയം കഫേ റെസ്റ്ററൻറുകൾക്ക് തുടക്കം

## കുടുംബശ്രീ പ്രീമിയം കഫേ റെസ്റ്ററൻറ് ശ്യംഖല രണ്ടാം ഘട്ടം സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് നിർവഹിച്ചു

തിരുവനന്തപുരം: രുചിവൈവിധ്യങ്ങളുടെ പെരുമയും അതിഥി സൽക്കാരത്തിൻറെ ഊഷ്മളതയുമായി മലയാളിയുടെ മനം കവർന്ന കുടുംബശ്രീയുടെ പ്രീമിയം കഫെ റെസ്റ്റോറൻറ് ശ്യംഖല രണ്ടാം ഘട്ടം പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം കോട്ടയം ജില്ലകളിൽ പ്രീമിയം കഫേ റസ്റ്ററൻറ് പ്രവർത്തനം ആരംഭിച്ചു.

കുടുംബശ്രീ സംരംഭകരുടെ ഏറ്റവും വലിയ മികവ് അവരുടെ കൈപ്പുണ്യമാണെന്നും അത് മനസിലാക്കിക്കൊണ്ടാണ് സർക്കാർ കോവിഡ് കാലത്ത് ജനകീയ ഹോട്ടലുകളും ഇപ്പോൾ പ്രീമീയം കഫേ റസ്റ്ററൻറുകൾക്കും തുടക്കമിടുന്നതെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെൻററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് പറഞ്ഞു. കോട്ടയം ജില്ലയിൽ കുറവിലങ്ങാട് പ്രീമിയം കഫേ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.. കുടുംബശ്രീയുടെ മറ്റു സംരംഭങ്ങൾ പോല പ്രീമിയം കഫേ റെസ്റ്ററൻറുകളും വലിയ വിജയമായി തീരുമെന്ന് അദ്ദേഹം പറഞ്ഞു.അഡ്വ.മോൻസ് ജോസഫ് എം.എൽ.എ അധ്യക്ഷത വഹിച്ചു. ജോസ് കെ മാണി എം.പി, ഉഴവൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡൻറ് രാജു ജോൺ ചിറ്റേത്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഹേമലത പ്രേംസാഗർ, ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻറ് നിർമ്മല ജിമ്മി, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

കുറവിലങ്ങാട് സയൻസ് സിറ്റിക്ക് സമീപത്ത് നാലായിരം ചതുരശ്ര അടിയിലാണ് പ്രീമീയം കഫേസജ്ജമാക്കിയിട്ടുള്ളത്. പൂർണമായും ശീതീകരിച്ച റെസ്റ്ററൻറിൽ ഒരേ സമയം 75 പേർക്ക് ഭക്ഷണം കഴിക്കാനുള്ള സൗകര്യവും വിശാലമായ പാർക്കിങ്ങും ഉണ്ട്. ഭിന്നശേഷി സൗഹൃദപരമായി സജ്ജീകരിച്ച റെസ്റ്ററൻറിൽ ഇന്ത്യൻ, ചൈനീസ്, അറബിക് ഭക്ഷ്യവിഭവങ്ങളും ലഭിക്കും. റെസ്റ്ററൻറിനൊപ്പം ടേക്ക് എ ബ്രേക്ക് സംവിധാനവും 24 മണിക്കൂറും പ്രവർത്തിക്കുന്ന ബേക്കറിയും ഉണ്ട്. കൂടാതെ രണ്ടാം നിലയിൽ മീറ്റിങ് ഹാളും ഡോർമിറ്ററി സൗകര്യവും ഒരുക്കിയിട്ടുണ്ട്. മൂന്നാമത്തെ നിലയിൽ ഉടൻ ഷീ ലോഡ്ജും ആരംഭിക്കും. ജില്ലയിലെ വിവിധ കാൻറീൻ കാറ്ററിങ്ങ് യൂണിറ്റുകളിലെ നാൽപ്പതു വനിതകളുടെ നേതൃത്വത്തിലായിരിക്കും പ്രീമിയം കഫേയുടെ എല്ലാ പ്രവർത്തനങ്ങളും. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് സമീപം ഗവ.പ്രസിൻറെ എതിർവശത്തെ ബഹുനില കെട്ടിടത്തിൻറെ താഴത്തെ നിലയിൽ ആരംഭിച്ച പ്രീമിയം കഫേ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അഡ്വ.ഡി സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു.തിരുവിതാംകൂർ മിനി സദ്യ, പ്രാദേശികമായ രുചിക്കൂട്ടുകൾ ചേർത്ത് മൺചട്ടിയിൽ തയ്യാറാക്കുന്ന നെയ്മീൻ വിഭവമായ ഫിഷ് മൽഹാർ, മലബാർ വിഭവങ്ങൾ, പട്ടം കോഴിക്കറി, ചൈനീസ് വിഭവങ്ങൾ എന്നിവ ഇവിടെ ലഭിക്കും. കൂടാതെ ടേക്ക് എവേ കൗണ്ടറും നാടൻ പലഹാരങ്ങളും പാനീയങ്ങളും ലഭിക്കുന്ന കോഫീ ഷോപ്പും ഇതോടൊപ്പം സജ്ജമാക്കിയിട്ടുണ്ട്. സ്വിഗ്ഗി, സൊമാറ്റോ എന്നിവ വഴിയും ഫുഡ് ഓർഡർ ചെയ്യാം. ലഞ്ച് ബെൽ പദ്ധതിയുടെ ഭാഗമായി ഉച്ചയൂണും ഇവിടെ നിന്ന് വാങ്ങാനാകും. എല്ലാ പ്രീമിയം കഫേയിലും രാവിലെ ഏഴു മണി മുതൽ രാത്രി 11 വരെയാണ് പ്രവർത്തന സമയം. ഭക്ഷണ പാചകം, വിതരണം, ബില്ലിങ്ങ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കുടുംബശ്രീ അംഗങ്ങൾ തന്നെയാണ് നിർവഹിക്കുക.തിരുവനന്തപുരത്ത് പ്രീമിയം കഫേ ഉദ്ഘാടന ചടങ്ങിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എച്ച്. ദിനേശൻ, കുടുംബശ്രീ ഗവേണിങ്ങ് ബോഡി അംഗം ഗീത നസീർ, പ്രോഗ്രാം ഓഫീസർമാരായ ശ്രീകാന്ത് എ.എസ്, ഡോ.ഷാനവാസ്, കുടുംബശ്രീ തിരുവനന്തപുരം ജില്ലാമിഷൻ കോർഡിനേറ്റർ രമേശ് ജി, അസിസ്റ്റൻറ് കോർഡിനേറ്റർ ശ്രീലത ബി.വി എന്നിവർ പങ്കെടുത്തു.

സംരംഭങ്ങളുടെ ആധുനികവത്ക്കരണവും സുസ്ഥിരതയും ലക്ഷ്യമിട്ടുകൊണ്ട് കഴിഞ്ഞ വർഷം ജനുവരിയിലാണ് പ്രീമിയം കഫേ റെസ്റ്റോറൻറ് ശ്യംഖലയ്ക്ക് തുടക്കമിട്ടത്. എറണാകുളം ജില്ലയിൽ അങ്കമാലിയിലാണ് ആദ്യത്തെ റസ്റ്ററൻറ് ആരംഭിച്ചത്. പിന്നീട് വയനാട് (മേപ്പാടി), കണ്ണൂർ തൃശൂർ (ഗുരുവായൂർ) പത്തനംതിട്ട(പന്തളം) എന്നിവിടങ്ങളിലും പ്രീമിയം കഫേ ആരംഭിച്ചു. ഇതിന് മികച്ച സ്വീകാര്യത ലഭിച്ചതോടെയാണ് മറ്റു ജില്ലകളിലേക്കും പദ്ധതി വ്യാപിപ്പിച്ചത്. കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിനു സമീപം ഈ വർഷം മാർച്ച് 26നും മലപ്പുറം കോട്ടയ്ക്കലിൽ ഏപ്രിൽ ആറിനും പ്രീമിയം കഫേ ആരംഭിച്ചിരുന്നു. നിലവിൽ ഒമ്പത് ജില്ലകളിൽ പ്രീമിയം കഫേ തുടങ്ങിയിട്ടുണ്ട്. നൂറിലേറെ വനിതകൾക്ക് മികച്ച തൊഴിലും വരുമാനവും ഉറപ്പു വരുത്താൻ പദ്ധതി വഴി സാധിക്കുന്നുണ്ട്.

പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ(ചെങ്ങന്നൂർ കല്ലിശ്ശേരി) കൊല്ലം (കരുനാഗപ്പള്ളി വെട്ടുമുക്ക് ജംഗ്ഷൻ), പാലക്കാട് (കണ്ണമ്പ്ര,) കോഴിക്കോട് (കൊയിലാണ്ടി) എന്നീ ജില്ലകളിൽ പ്രീമിയം റെസ്റ്ററൻറുകൾ ഉടൻ പ്രവർത്തനം ആരംഭിക്കും.

പബ്ളിക് റിലേഷൻസ് ഓഫീസർ കുടുംബശ്രീ



*കോട്ടയം കുറവിലങ്ങാട് സയൻസ് സിറ്റിക്ക് സമീപം ആരംഭിച്ച പ്രീമിയം കഫേ റസ്റ്ററൻറിൻറെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെൻററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് നിർവഹിക്കുന്നു.*



*തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് സമീപം ആരംഭിച്ച പ്രീമിയം കഫേ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അഡ്വ.ഡി സുരേഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.*

# അതിഥി തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തും: മുഖ്യമന്ത്രി

അതിഥി തൊഴിലാളികളുടെ വാസസ്ഥലം സന്ദർശിച്ച് മുഴുവൻ കുട്ടികളുടെയും സ്കൂൾ പ്രവേശനം ഉറപ്പാക്കാൻ പ്രത്യേക ക്യാമ്പയിൻ നടത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മെയ് മാസമാണ് ക്യാമ്പയിൻ നടത്തുക. അതിഥി തൊഴിലാളികളുടെ കുട്ടികൾ വിദ്യാഭ്യാസ രംഗത്ത് പുറകോട്ട് പോകുന്നത് ചർച്ച ചെയ്യാൻ ചേർന്ന യോഗത്തിലാണ് തിരുമാനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, കുടുംബശ്രീ പ്രവർത്തകർ, വാസസ്ഥലത്തോട് ചേർന്ന് നിൽക്കുന്ന വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, രക്ഷാകർതൃ സമിതി ഭാരവാഹികൾ മുതലായവരുടെ സേവനം ഇതിനായി പ്രയോജനപ്പെടുത്തും. മെയ് 7ന് എറണാകുളത്ത് നടക്കുന്ന സംസ്ഥാന സർക്കാരിന്റെ നാലാം വാർഷിക പരിപാടിയിൽ അതിഥി തൊഴിലാളികളുടെ കുട്ടികൾക്കായുള്ള സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ പ്രഖ്യാപനം നടത്തുമെന്നും മുഖ്യമന്ത്രി അറിയിച്ചു. അതിഥി തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കാനായി ആവിഷ്കരിച്ച റോഷ്നി പദ്ധതി, ഇടുക്കി, കണ്ണൂർ ജില്ലകളിൽ നടപ്പിലാക്കിവരുന്ന സമാന പദ്ധതികൾ എന്നിവയുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി സമഗ്ര വിദ്യാഭ്യാസ പരിപാടി ഏപ്രിൽ 30നകം തയ്യാറാക്കും.

മെയ് ആദ്യവാരം പൊതുവിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, തൊഴിൽ, സാമൂഹ്യ നീതി, വനിത ശിശുക്ഷേമം, ആരോഗ്യം മുതലായ വകുപ്പുകളുടെ യോഗം വിളിച്ച് എസ്. സി. ഇ. ആർ ടി തയ്യാറാക്കിയ പ്രവർത്തനരൂപരേഖ അന്തിമമാക്കും. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്കൂൾ പ്രവേശനം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കണം. ആറ് മാസത്തിൽ ഒരിക്കൽ രജിസ്റ്റർ പരിഷ്കരിക്കണം. അതിഥി തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസം സംബന്ധിച്ച ഡാറ്റ ഈ രജിസ്റ്ററിൽ പ്രത്യേകം സൂക്ഷിക്കണം.സീസണൽ മൈഗ്രേഷന്റെ ഭാഗമായി ഓരോ പ്രദേശത്തും വന്ന് പോകുന്ന അതിഥി തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്ക് മാറിപ്പോകുന്ന പ്രദേശത്ത് രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തി പഠനത്തുടർച്ച ഉറപ്പാക്കണം. കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ പരിശോധന സംവിധാനവും ആവശ്യമെങ്കിൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കണം. ശുചിത്വം, ലഹരി ഉപയോഗം, ആരോഗ്യ ശീലങ്ങൾ മുതലായ കാര്യങ്ങളിൽ ബോധവൽക്കരണം നടത്തണം.

വാർഡ് / തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അവധി ദിവസങ്ങളിൽ കലാ-കായിക, സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ സൃഷ്ടിച്ച് തദ്ദേശീയരായ കുട്ടികളുമായി ചേർന്ന് സാംസ്കാരിക വിനിമയത്തിന് അവസരമൊരുക്കണം.അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നടത്തണമെന്ന് നേരത്തെ തീരുമാനിച്ചിട്ടുണ്ട്. ആധാർ അധിഷ്ഠിത രജിസട്രേഷൻ നടത്താൻ പ്രത്യേക പോർട്ടലും മൊബൈൽ അപ്ലിക്കേഷനും വികസിപ്പിക്കാൻ തീരുമാനിച്ചിരുന്നു. ഇതിൽ കുട്ടികളുമായി ബന്ധപ്പെട്ട വിവരശേഖരണത്തിന് സഹായകമായ മൊഡ്യൂളുകൾ കൂടി ചേർക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.യോഗത്തിൽ പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി, തൊഴിൽ വകുപ്പ് സെക്രട്ടറി കെ വാസുകി, പൊതുവിദ്യാഭ്യാസ ഡയറക്ടർ എ ഷാനവാസ്, ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ തുടങ്ങിയവർ പങ്കെടുത്തു.

# ഐബി ഉദ്യോഗസ്ഥയുടെ ആത്മഹത്യ: അന്വേഷണ ചുമതല ഏറ്റെടുത്ത് ഡിസിപി

തിരുവനന്തപുരം: വിമാനത്താവളത്തിലെ ഐബി ഉദ്യോഗസ്ഥയുടെ മരണത്തിൽ അന്വേഷണ ചുമതല പേട്ട പോലീസിൽ നിന്നും ഡിസിപി ഏറ്റെടുത്തു. ഡിസിപി നകുൽ ദേശ്മുഖിനെയാണ് സിറ്റി പോലീസ് കമ്മീഷണർ അന്വേഷണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

ഐബി ഉദ്യോഗസ്ഥ ട്രെയിനിന് മുന്നിൽ ചാടി ജീവനൊടുക്കിയ സംഭവത്തിന് ഉത്തരവാദിയായ പ്രതി സഹപ്രവർത്തകനായ മലപ്പുറം സ്വദേശി സുകാന്തിനെ കസ്റ്റഡിയിലെടുക്കുന്നതിൽ ഉൾപ്പെടെ പോലീസിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചെന്ന ആരോപണത്തെ തുടർന്നാണ് അന്വേഷണത്തിന്റെ ചുമതല ഡിസിപിക്ക് കൈമാറിയത്. അന്വേഷണത്തിൽ പോലീസ് അലംഭാവം കാട്ടിയെന്നാണ് സ്പെഷൽ ബ്രാഞ്ചും റിപ്പോർട്ട് ചെയ്തിരുന്നത്.

കഴിഞ്ഞ മാസം 24 നാണ് ചാക്ക റെയിൽവെ ട്രാക്കിൽ ഐബി ഉദ്യോഗസ്ഥയായ പത്തനംതിട്ട സ്വദേശിനിയെ മരിച്ച നിലയിൽ കണ്ടെത്തിയത്. യുവതിയെ വിവാഹം കഴിയ്ക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്ന സഹപ്രവർത്തകൻ പിന്നീട് വിവാഹത്തിൽ നിന്നും പിൻമാറിയതാണ് ആത്മഹത്യയിലേക്ക് നയിച്ചതെന്നാണ് ബന്ധുക്കളും പോലീസും പറയുന്നത്.

സാമ്പത്തികമായി ഉൾപ്പെടെ യുവതിയെ സുഹൃത്ത് സുകാന്ത് ചൂഷണം ചെയ്തിരുന്നുവെന്ന് മാതാപിതാക്കൾ ആരോപിക്കുകയും ഇതിന്റെ തെളിവുകൾ പോലീസിന് കൈമാറുകയും ചെയ്തിരുന്നു.

# ഖാദി വസ്ത്രങ്ങൾക്ക് പ്രത്യേക റിബേറ്റ്

വിഷു, ഈസ്റ്റർ പ്രമാണിച്ച് ഖാദി തുണിത്തരങ്ങൾക്ക് 30 ശതമാനം വരെ പ്രത്യേക റിബേറ്റ് അനുവദിച്ചു. ഏപ്രിൽ 19 വരെ ഖാദി ബോർഡിന്റെ ഷോറൂമുകളിൽ നിന്നും ഖാദി മേളകളിൽ നിന്നും വാങ്ങുന്ന ഖാദി വസ്ത്രങ്ങൾക്ക് റിബേറ്റ് ആനുകൂല്യം ലഭിക്കും.